(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/1070/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:30.11.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാണിമേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാണിമേൽ ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/1070/20 തീയതി.30.11.2020

# കോഴിക്കോട് ജില്ലയിലെ വാണിമേൽഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.01.2019 മുതൽ 08.10.2020 (കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം പിരിവിനായി ഉപയോഗിച്ച രശീതികൾ ഒഴികെ) തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എം വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 21.10.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | എം കരുണാകരൻ | ഓഡിറ്റ് ഓഫീസർ |
| | രാജീവൻ എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഇന്ദുകല സി വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഒ സി ജയൻ | 1.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | വിനോദ് കൃഷ്ണൻ | 1.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | നൗഫൽ | 1.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | പ്രേമനാഥൻ | 1.04.2018 മുതൽ 31.03.2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | രേഷ്മ | 1.04.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ദയാകുലൻ | 1.04.2018 മുതൽ 11.09.2018 വരെ |
| വി ഇ ഒ | ബിജിത്ത് കുമാർ പി വി | 11.09.2018മുതൽ 31.03.2019വരെ |
| വി ഇ ഒ | സജൻ ദാസ് | 1.04.2018മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | നിഖിൽ ആർ പിള്ള | 1.04.2018മുതൽ 13.03.2019വരെ |
| കൃഷി ഓഫീസർ | ഇബ്രായി കെ എൻ | 13.03.2019മുതൽ 21.3.2019വരെ |
| കൃഷി ഓഫീസർ | അംല ശക്തിധരൻ | 21.3.2019 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മുൻഷിദ് എൻ .ടി | 1.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ദിബിൻ രാജ് എസ് എൻ | 1.04.2018മുതൽ 31.03.2019വരെ |
| വെറ്റിനററി സർജൻ | ഡോ.ദിൽവേദ് | 1.04.2018മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ (ഇൻ ചാർജ്ജ്) | പ്രസന്നകുമാർ വി(ഓവർസിയർ) | 1.04.2018 മുതൽ 3.07.2018 വരെ |
| അസി.എഞ്ചിനീയർ | അജിത്ത് കുമാർ വി | 4.07.2018മുതൽ 31.03.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീകാന്തി എൻ | 1.04.2018 മുതൽ 3.09.2018 വരെ |
| | മുഹമ്മദ് നവാസ് | 5.09.2018 മുതൽ 5.12.2018 വരെ |
| | അനുപമ സുഗതൻ | 5.12.2018 മുതൽ 31.3.2019വരെ |

ഉള്ളടക്കം


| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ക്യാഷ് പരിശോധന |
| 1-3 | ആഭ്യന്തരനിയന്ത്രണം |
| 1-4 | വാർഷികകണക്കുകളിലെ അപാകതകൾ |
| 1-5 | സാമ്പത്തിക വിശകലനം-തനത് ഫണ്ട് കമ്മി നികത്താൻ നടപടകൾ സ്വീകരിച്ചില്ല |
| 1-6 | പദ്ധതി അവലോകനം |
| 1-7 | വസ്തുനികുതി -നൂറു ശതമാനം ഡിമാന്റ് ഉറപ്പുവരുത്തിയില്ല |
| 1-8 | D&O ലൈസൻസ്-അനധികൃത സംരംഭങ്ങൾക്കെതിരെ തുടർ നടപടികളില്ല |
| 1-9 | തൊഴിൽ നികുതി-ഡിമാന്റ് നൂറുശതമാനമാക്കാൻ നടപടികൾ സ്വീകരിച്ചില്ല |
| 1-10 | അനധികൃത നിർമ്മാണങ്ങൾ പെരുകുന്നു;നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല. |
| 1-11 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച തുക -ചെലവഴിക്കാത്തത് തിരിച്ചടച്ചില്ല |
| 1-12 | പുതിയ റോഡ് പ്രവൃത്തികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു |
| 1-13 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി |
| 1-14 | പരപ്പുപാറ – എൻ.എസ്.എസ് റോഡ് റിപ്പയർ-ജി.എസ്.ടി ഈടാക്കാത്തതും മറ്റ് അപാകതകളും |
| 1-15 | 2017-18 സാമ്പത്തിക വർഷം അടവാക്കിയ തുകയ്ക്കുള്ള ടാർ പൂർണ്ണമായും ലഭ്യമാക്കിയില്ല. |
| 1-16 | വില്ലേജ് ഓഫീസ് -മാടോംപൊയിൽ റോഡ് കോൺക്രീറ്റ് - പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി |
| 1-17 | എം.ആർ.എഫ് കെട്ടിട നിർമ്മാണം- പ്രവൃത്തി പൂർത്തിയായിട്ടും മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഉപയോഗപ്പെടുത്തുന്നില്ല |
| 1-18 | പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ അനർഹമായ നിരക്കിൽ ഓവർഹെഡ്സ്ചാർജ്ജ് നൽകുന്നു |
| 1- | പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ |

| | |
|---|---|
| 19 | |
| 1-20 | I.S.O 9001-2015സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ. പ്രവർത്തിക്ക് അധിക തുക അനുവദിച്ചു. |
| 1-21 | വെള്ളിയോട് G.H.S.S. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് യൂണിഫോം ധനസഹായം അനുവദിച്ചതിൽ അവ്യക്തത. |
| 1-22 | തെരുവുവിളക്ക് സ്ഥാപിക്കൽ -KSEB യുടെ അനുവാദമില്ലാതെ തെരുവുവിളക്ക സ്ഥാപിച്ചതും മറ്റ് അപാകതകളും |
| 1-23 | S.T വിദ്യാർത്ഥികൾക്ക് പഠനമുറി- ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു. |
| 1-24 | വാണിമേൽ പുഴ സംരക്ഷണം പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചു |
| 1-25 | മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക ചെലവഴിച്ചു-മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. |
| 1-26 | മാവേലിസ്റ്റോർ വാടകനൽകിയതിന്റെ വിശദവിവരം ലഭ്യമാക്കിയില്ല. |
| 1-27 | ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും യാത്രാബത്ത അനുവദിക്കുന്നതിൽ അപാകത |
| 1-28 | പട്ടികവർഗ യുവജനഗ്രൂപ്പിന് പരമ്പരാഗത കലാവാദ്യ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നടത്തിപ്പിൽ അപാകത |
| 1-29 | കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം നടപ്പാക്കുന്നതിൽ അവ്യക്തത |
| 1-30 | S.T വനിതകൾക്ക് സ്വയംതൊഴിൽ ഓട്ടോറിക്ഷ വാങ്ങുന്നതിൽ ധനസഹായം അനുവദിച്ചതിൽ അപാകത. |
| 1-31 | ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |
| 1-32 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 1-33 | ഇതര സംസ്ഥാന തൊഴിലാളികൾക്ക് പരിശോധനാക്യാമ്പ് |
| 1-34 | ആദിവാസി വിദ്യാഭ്യാസ അതിജീവന പദ്ധതി നടപ്പാക്കിയില്ല |
| 1-35 | കിണർ റീചാർജ് - അപാകതകൾ |
| 1-36 | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി വികസനം കൂലിച്ചെലവ് സബ്സിഡിയും, പവർ സ്പ്രെയർ വിതരണവും അപാകതകൾ |
| 1-37 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| | |

| | |
|---|---|
| 1-38 | പി.എച്ച്.സി.യിലേക്ക് ഉപകരണങ്ങളും ഫർണ്ണീച്ചറുകളും വാങ്ങൽ പ്രോജക്ടിലെ വ്യവസ്ഥകൾ പാലിച്ചില്ല |
| 1-39 | പി.എം.എ.വൈ അധികവിഹിതം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 1-40 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട – തുക പാഴാക്കി |
| 1-41 | സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്വർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചല്ല |
| 1-42 | വൃദ്ധർക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| 1-43 | സർക്കാർ സ്കൂൾ ലൈബ്രറി ശാക്തീകരണം - അപാകതകൾ |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 4-6 | സ്ഥിര നിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

19.03.2018 തീയതിയിൽ കൂടിയ ഭരണസമിതി 64/2018 നമ്പർ തീരുമാന പ്രകാരം സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് 7.02.2019 തീയതിയിലെ 29(2)/2019 നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. ബജറ്റ് രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിലും ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിന് മാന്വലിൽ വിശദമാക്കുന്ന നടപടികളും ഇതിൽ നിന്നുള്ള വ്യതിചലനവും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ പരാമർശിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ്, നടപടിക്രമങ്ങൾ പാലിച്ചാണ് തയ്യാറാക്കിയതെന്ന് ഇക്കാര്യത്തിൽ മറുപടി നല്കിയിട്ടുണ്ട്. ഇതേ വ്യതിചലനം ഓഡിറ്റ് വർഷത്തിലും തുടർന്നത് നിലവിൽ പൂർണ്ണമായും പരിഹരിക്കപ്പെട്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-2 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7975/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-3 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ മുൻവർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2-2 ആയി പരാമർശിച്ചിരുന്നു. ഓഡിറ്റ് വർഷത്തെ അവസാന കാലഘട്ടത്തിലാണ് മുൻവർഷത്തെ ഓഡിറ്റ് നടന്നതെന്നതുകൊണ്ടുതന്നെ മേൽ റിപ്പോർട്ടിൽ പ്രതിപാദിച്ച വീഴ്ചകൾ ഓഡിറ്റ് വർഷത്തിലും തുടർന്നിട്ടുണ്ട്.വരവിനങ്ങളിലും കെട്ടിട,വ്യാപാര രംഗങ്ങളിലെ നിയമപരിപാലനത്തിലും, തനത് ഫണ്ട് വിനിയോഗിക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നതിലും, രജിസ്റ്ററുകളുടെ പരിപാലനത്തിലും മുൻവർഷത്തെ അവസ്ഥതന്നെയാണ് ഓഡിറ്റ് വർഷത്തിലുമുള്ളത്. ഇക്കാര്യങ്ങൾ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ചില നടപടികൾ സ്വീകരിച്ചതായി മുൻറിപ്പോർട്ടിന് മറുപടി നല്കിയെങ്കിലും എത്രത്തോളം അവ ഫലപ്രദമായി എന്ന് പരിശോധിക്കേണ്ടതാണ്.

## 1-4 വാർഷികകണക്കുകളിലെ അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ 15.05.2019 ന് ലഭിക്കുകയും 16.08.2019 മുതൽ 17.08.2019 വരെ പരിശോധന നടത്തി 20.08.2019ലെ കെ.എസ്.എ.കെ.കെ.ഡി.ഇ2/887/ 2019(68) നമ്പരായി വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ

സർട്ടിഫിക്കറ്റിലെ അപാകതകൾ നിലനില്ക്കുന്നതിനൊപ്പം ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ കൂടി താഴെ ചേർക്കുന്നതിൽ പെടുന്നു.

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ്. വഴിയുള്ള ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷിക കണക്ക് പ്രകാരം Auction Deposit ഇനത്തിൽ (340200102) 10000/- രൂപ വരവുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ വരവില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് ഇനത്തിൽ 8112493/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടുകളിൽ അവശേഷിക്കുന്നു. എന്നാൽ പഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് 5112864/- രൂപ മാത്രമാണ്.

4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുക Advance to implementing agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. (ചേലനക്കണ്ടി അങ്കണവാടി കുടിവെള്ളം - 36930/-)

5. പഞ്ചായത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ പരിശോധിച്ചതിൽ ട്രഷറി വി.പി.എഫ്.എ.1-3 ൽ 191799/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ തുകയുടെ ആധികാരികത ലഭ്യമല്ല.

6. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. വാർഷികകണക്കുകൾ പ്രകാം 3 രൂപ 180400101 (Audit recovery based on charge certificate) എന്ന ഹെഡ്ഡിൽ വരവുവന്നിട്ടുണ്ട്. എന്നാൽ ഇത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കിയ തുകയാണ്.

# 1-5 സാമ്പത്തിക വിശകലനം-തനത് ഫണ്ട് കമ്മി നികത്താൻ നടപടികൾ സ്വീകരിച്ചില്ല

സ്ഥാപനത്തിന്റെ തനത് ഫണ്ട് 48.13 ലക്ഷം രൂപ കമ്മിയിലാണെന്ന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-8 ൽ പരാമർശിച്ചിരുന്നു. ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പദ്ധതികൾ രൂപീകരിച്ചതും ഇതിനായി വിവിധ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ലഭ്യമായ വിവിധോദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിച്ചതിലൂടെയുമാണ് തനത് ഫണ്ട് കമ്മിയിലായത്. റിപ്പോർട്ടിന് നല്കിയ മറുപടിയിൽ കോളനികളുടെ പ്രൊജക്ടുകൾ നിർവ്വഹണം പൂർത്തീകരിക്കുന്നമുറയ്ക്ക് തുക നല്കി കമ്മി പരിഹരിക്കുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഇത് എപ്രകാരം സാധ്യമാകുമെന്ന വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് 1/2019 നടന്നപ്പോൾ തനത് ഫണ്ട് കമ്മിയാണെന്ന കാര്യം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഇതിനുശേഷം അംഗീകാരം വാങ്ങിയ 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ 4118092/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 1832859/- രൂപ ചെലവഴിക്കുകയും ചെയ്തു. കൂടാതെ 2020-21 വർഷത്തിൽ 2043481/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും കമ്മി പരിഹരിക്കുമെന്ന് വ്യക്തമായ പ്ലാനില്ലാതെ മറുപടി തന്നതിൽ ആത്മാർത്ഥയില്ലെന്ന്

ബോധ്യപ്പെടുന്നുണ്ട്. ഉടനടി പണം നല്കാൻ ഇല്ലാത്തത് കോളനിയുടെ വികസന പ്രവർത്തനങ്ങൾക്ക് ബോധപൂർവ്വമായ കാലതാമസം സൃഷ്ടിക്കുന്നതിന് ഇടയുണ്ടാക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻ റിപ്പോർട്ടിലെ ഖണ്ഡികയിൽ പരാമർശിച്ച പദ്ധതികളിൽ നാലെണ്ണം പൂർത്തീകരിച്ച് തുക നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി നല്കിയിട്ടുണ്ട്. ഇവ കമ്മീഷൻ ചെയ്തോയെന്നും, മറ്റുള്ളവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കേണ്ടതാണ്. പ്രത്യേക ദുർബല വിഭാഗത്തിനായി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി നല്കിയ തുക വകമാറ്റുന്നത് നിയമലംഘനമാണെന്നതും തുക വകമാറ്റാൻ കാരണക്കാരായവർ ഇതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടിവരുമെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന അടിയന്തിര നടപടികളുടെ വിവരം ഉടനടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ വിവിധ ഫണ്ടിനങ്ങൾ ഉൾപ്പെടുത്തി 8.59 കോടി അടങ്കലിൽ 238 പ്രൊജക്ടുകൾ ഉൾക്കൊള്ളുന്ന വാർഷിക പദ്ധതിക്കാണ് സ്ഥാപനം അനുമതി വാങ്ങിയത്. ഇതിൽ 174 പ്രൊജക്ടുകൾക്കാണ് ഭാഗികമായോ പൂർണ്ണമായോ തുക ചെലഴിച്ചത്. ഇതിനായി ആകെ 4.94 കോടി രൂപ മാത്രമാണ് വിവിധ ഫണ്ടിനങ്ങളിൽ നിന്നും ചെലവഴിച്ചത് (ചെലവ് ശതമാനം 57.56% മാത്രം) തുക ചെലവഴിക്കാത്ത 64 പ്രൊജക്ടുകളിൽ 52 എണ്ണവും അസി.എഞ്ചിനീയർ തയ്യാറാക്കി അംഗീകാരം വാങ്ങിയവയാണ്. ഇതിൽ മാത്രം വകയിരുത്തിയതുകയിൽ 1.66 കോടി രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക ചില ഫണ്ടിനങ്ങളുടെ കാര്യത്തിൽ യഥാർത്ഥത്തിൽ ലഭ്യമാകുന്ന തുകയേക്കാൾ വളരെ കൂടിയതാണ് പദ്ധതി അടങ്കൽ ഇത്രയും കൂടാനും ചെലവുശതമാനം കുറയാനും കാരണമായത്.വികസനഫണ്ട് (ടി എസ് പി), വികസനഫണ്ട് (ജനറൽ) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ വകയിരുത്തൽ ആകെ 3.46 കോടിയായിരുന്നപ്പോൾ സർക്കാർ ബജറ്റ് അലോട്ട് മെന്റ് 2.75 കോടി മാത്രമാണ്.

ആകെ പദ്ധതി പ്രവർത്തനം നല്കുന്ന ചിത്രം ഇതാണെങ്കിലും സർക്കാർ ഗ്രാന്റുകൾ പരമാവധി പൂർണ്ണമായും വിനിയോഗിക്കുന്നതിൽ സ്ഥാപനം വിജയിച്ചിട്ടുണ്ട്. വികസനഫണ്ട് (ടി എസ് പി), (എസ് സി പി) എന്നിവയിൽ 100% തുക ചെലവഴിച്ചപ്പോൾ രണ്ട് മെയ്ന്റനൻസ് ഗ്രാന്റിനങ്ങളിലും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലും ചെലവ് 99 ശതമാനത്തിന് മുകളിലാണ്. വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ മാത്രം ചെലവ് 87.87 ശതമാനമാണ് (എന്നാൽ നഷ്ടപ്പെട്ട തുക 20.63 ലക്ഷം വരുന്നുണ്ട്).മേല്പറഞ്ഞ 5 ഗ്രാന്റിനങ്ങളിൽ ആകെ നഷ്ടപ്പെട്ട തുക 21.49 ലക്ഷം രൂപയാണ്.

വാർഷികപദ്ധതിക്കായി തുക വകയിരുത്തിയ മറ്റ് ഫണ്ടിനങ്ങളിൽ തനത് ഫണ്ട്, മറ്റ് തദ്ദേശസ്ഥാപന ധനസഹായങ്ങൾ എന്നിവയിൽ ചെലവ് വളരെ കുറഞ്ഞിട്ടുണ്ട്. തനത് ഫണ്ടിൽ 28.63 ലക്ഷം വകയിരുത്തിയതിൽ ചെലവഴിച്ചത് 12.22 ലക്ഷം രൂപ മാത്രമാണ്. മറ്റ് തദ്ദേശസ്ഥാപന ധനസഹായങ്ങളിൽ നിന്ന് 92.51 ലക്ഷം വകയിരുത്തിയതിൽ ചെലവ് 18.44 ലക്ഷം രൂപയാണ്. 2017-18 വർഷം തന്നെ തനത് ഫണ്ട് 51.66 ലക്ഷം രൂപ കമ്മിയായിരുന്നു എന്നതും മറ്റ് സ്ഥാപന ധനസഹായത്തിൽ 5.09 ലക്ഷം രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നു എന്നതും ഇവിടെ ശ്രദ്ധേയമാണ്.

ആകെ പ്രൊജക്ടുകളിൽ 68 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. തുക ചെലവഴിക്കപ്പെട്ട 174 പ്രൊജക്ടുകകളിൽ സ്പിൽ ഓവറായ 60 എണ്ണവും പെടുന്നുണ്ട്. സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ചെലവിൽ 95 ശതമാനവും സർക്കാർ ഗ്രാന്റുകളിൽ നിന്നാണ്

വഹിച്ചികരിക്കുന്നത്. ചുരുക്കത്തിൽ സർക്കാർ ഗ്രാന്റുകളിൽ പരമാവധി തുക ചെലവഴിച്ചെങ്കിലും സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി തൻവർഷത്തെ ഗ്രാന്റിൽ നിന്നും മുടക്കിയ തുക തിരികെ ലഭിക്കുന്ന തരത്തിൽ നിർവ്വഹണമില്ലാത്തത്, അർഹതപ്പെട്ട കൂടുതൽ ഗ്രാന്റ് സർക്കാരിൽ നിന്നും ആവശ്യപ്പെടുന്നതിന് തടസ്സമായതായി കാണാം.

# 1-7 വസ്തുനികുതി -നൂറു ശതമാനം ഡിമാന്റ് ഉറപ്പുവരുത്തിയില്ല

വസ്തുനികുതിയിനത്തിൽ നൂറു ശതമാനം വരുമാനം ഉറപ്പുവരുത്തുന്നതിനായി സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് നിയമപരമായ നടപടികളൊന്നും സ്വീകരിക്കാത്തതിനെ തുടർന്ന് 31.1.2019ന് അവസാനിച്ച 2017-18 വർഷത്തെ ഓഡിറ്റിൽ ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ നല്കുകയും റിപ്പോർട്ടിൽ വിഷയം പ്രതിപാദിക്കുകയും ചെയ്തിരുന്നു. സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണെന്നും, പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണെന്നുമായിരുന്നു പ്രധാന നിർദ്ദേശം. പരിശോധനയിൽ, പഴയകെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 4.5.2019-ലെ ഭരണസമിതി മീറ്റംഗ് അംഗീകരിച്ച് നല്കിയ റിപ്പോർട്ടിനുള്ള മറുപടിയിൽ മേല്പറഞ്ഞ കാര്യങ്ങളിൽ സ്വീകരിച്ച നടപടികളെ കുറിച്ച് പ്രതിപാദിച്ചിരുന്നില്ല. നടപ്പുവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് നല്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയിരിക്കുന്നത്.ഓഡിറ്റ് വേളയിൽ എൻക്വയറിയായും, 26.3.2019ന് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിലൂടേയും സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ വരുമാനദായകവും നിയമവാഴ്ചാപരവുമായ വിഷയത്തിൽ ഒന്നരവർഷക്കാലമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്. തനതുവരുമാന വർദ്ധനവും നിയമപരമായ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതുമായ നിരവധി നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ടായിട്ടും സ്ഥാപനത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇവ പരിഗണിച്ചിട്ടുപോലുമില്ലെന്നത് (ഇക്കാര്യം മിനിട്സ് സാക്ഷ്യപ്പെടുത്തുന്നുണ്ട്) ഭരണപരമായ കാര്യങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നതിന് ഉദാഹരണമാണ്.

<u>ഉദ്യോഗസ്ഥതലത്തിലും, സൂപ്പർവൈസറി തലത്തിലും വീഴ്ചകൾ</u>

അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നൽകാനും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്താനും മേൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും റിപ്പോർട്ടിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരുന്നില്ല. നിലവിൽ നല്കിയ എൻക്വയറിക്കുള്ള മറുപടിയിൽ 1/2019 തിൽ തന്നെ ഉത്തരവാദിത്വങ്ങൾ ഏല്പിച്ച് കൊണ്ട് വിശദമായ ഓഫീസ് ഓർഡർ ഇറക്കിയിട്ടുണ്ടെന്നും, 2019 ലെ പ്രളയം, സ്ഥാപനത്തിന്റെ

ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കോവിഡ് എന്നീ പശ്ചാത്തലങ്ങളിൽ ഉത്തരവ് പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റായനായില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര പരിഹാര നടപടകളുണ്ടാകുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പഞ്ചായത്ത് മാന്വലും ഉൾപ്പടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ സംവിധാനത്തിന് വീഴ്ച വന്നതായി മറുപടി വ്യക്തമാക്കുന്നുണ്ട്

ഇക്കാര്യത്തിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതെ തനത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കിയതിനും വ്യക്തമായ വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നതിന് 2017-18 വർഷത്തെ റിപ്പോർട്ടിലെ 2-3 നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, വസ്തുനികുതിയുമായി ബന്ധപ്പെട്ട് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് നൽകിയ മറുപടിയിൽ ആകെ ഡിമാന്റിൽ ഉൾപ്പെട്ട 1442 കെട്ടിടങ്ങൾക്ക് അവ $60m^2$ കുറവായതിനാൽ നികുതി ചുമത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുമ്പോൾ ഇത്തരം കെട്ടിടങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതും കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെങ്കിൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതുമാണ്.

# 1-8 D&O ലൈസൻസ്-അനധികൃത സംരംഭങ്ങൾക്കെതിരെ തുടർ നടപടികളില്ല

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-5ൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സംരംഭങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യതകളെ കുറിച്ചും ഇത് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനെ കുറിച്ചും പ്രതിപാദിച്ചിരുന്നു. സഞ്ചയ പ്രകാരം 1803 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുള്ളതിൽ നികുതി ഇളവ് അനുവദിച്ച (vacancy remission) 22 കെട്ടിടങ്ങൾ കഴിച്ച് ബാക്കിയുള്ളവ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യത മുൻനിർത്തിയാണ് ഇത്തരം ഒരു പരാമർശം നടത്തിയത്.ആകെ 323 ലൈസൻസുകൾക്ക് 396 കെട്ടിടങ്ങൾ മാത്രമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത് എന്ന വസ്തുതയായിരുന്നു പരാമർശത്തിന് ആധാരം. ഇതിന് 4.5.2019 ലെ ഭരണസമിതി മീറ്റിംഗ് അംഗീകരിച്ച് സ്ഥാപനം നല്കിയ മറുപടിയിൽ, സഞ്ചയപ്രകാരം വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച 1543 കെട്ടിടങ്ങളാണ് ഉള്ളതെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് വാർഡ് ക്ലാർക്കുമാരെ ചുമതലപ്പെടുത്തുകയും ഇവരുടെ പരിശോധനാഫലമായി 707 കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നതായും 34 എണ്ണം ലൈസൻസ് ആവശ്യമില്ലാത്ത പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതായും കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 802 കെട്ടിടങ്ങളിൽ 348 എണ്ണം ലൈസൻസ് അനുവദിച്ചിട്ടുള്ളതും 155 എണ്ണം മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ട് പുതുക്കാത്തവയും 299 എണ്ണം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 299 സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടിയുടെ അടിസ്ഥാനത്തിൽ നിലവിലെ അവസ്ഥ വിശദമാക്കാൻ എൻക്വയറി നമ്പർ ഒന്നു പ്രകാരം ആവശ്യപ്പെട്ടതിന്, മേൽപറഞ്ഞ മറുപടി തന്നെ ആവർത്തിക്കുകയാണ് ചെയ്തത്. കൂടാതെ 2020-21 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുകയും ആദ്യഘട്ടത്തിൽ ഇരുന്നൂറോളം ലൈസൻസുകൾ പുതുക്കിയിട്ടുണ്ടെന്നും

കോവിഡ് സാഹചര്യത്തിൽ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടെന്നും മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയ 2019 ഏപ്രിൽ മാസത്തിൽ തന്നെ ലൈസൻസ് ഇല്ലാതെയും പുതുക്കാതേയുമുള്ള 454 (155+299) സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടും നോട്ടീസ് നല്കുക എന്നതിൽ കവിഞ്ഞ് യാതൊരു തുടർ നടപടികളും സ്വീകരിക്കാതിരുന്നത് വിശദീകരിക്കേണ്ടതുണ്ട്. കാരണമായി പറയുന്ന കോവിഡിന്റെ സ്വാധീനം 3/2020 -ൽ മാത്രമാണ് വന്നത് എന്നത് ഇവിടെ പ്രസക്തമാണ്.

താഴെ പറയുന്ന കാര്യങ്ങളിൽ കൂടി വിശദാംശങ്ങൾ നല്കേണ്ടതാണ്.

1. 2017-18 വർഷത്തെ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം 1803 ആയിരുന്നു. എന്നാൽ റിപ്പോർട്ടിനുള്ള മറുപടിയിൽ ഇത് 1543 എന്നാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുക. ലൈസൻസ് പ്രകാരം ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണത്തിലും വ്യത്യാസം നിലനില്ക്കുന്നുണ്ട്.
2. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 299 കെട്ടിടങ്ങളുടെ കാര്യത്തിലാണ് നോട്ടീസ് നല്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് പുതുക്കാത്ത 155 കെട്ടിടങ്ങളുടെ കാര്യത്തിൽ മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദാംശം നല്കേണ്ടതാണ്.
3. വാർഡു ക്ലാർക്കുമാരുടെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.മറുപടി 21.10.2020നുമുമ്പ് നല്കേണ്ടതാണ്.

ഇക്കര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം. 3) മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും 2017-18 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2-5ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം നൽകേണ്ടതുമാണ്.

# 1-9 തൊഴിൽ നികുതി-ഡിമാന്റ് നൂറ് ശതമാനമാക്കാൻ നടപടികൾ സ്വീകരിച്ചില്ല

വസ്തുനികുതിയുടെ കാര്യത്തിലെന്നപോലെ തൊഴിൽ നികുതിയിലും നൂറു ശതമാനം ഡിമാന്റ് ഉറപ്പുവരുത്തുന്നതിന് നിയമവും ചട്ടവും അനുശാസിക്കുന്ന നടപടിക്രമങ്ങൾ സ്ഥാപനം സ്വീകരിക്കാത്തത് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2017-18 വർഷത്തെ റിപ്പോർട്ടിൽ വീഴ്ച പരിഹരിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. ഇവയിൽ ചില പ്രധാന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചതും വാടകക്ക് നൽകുന്നതുമായ എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്
2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ്

രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്,

3. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

4.5.2019ലെ ഭരണസമിതി മീറ്റിംഗ് അംഗീകരിച്ച് നല്കിയ റിപ്പോർട്ടിനുള്ള മറുപടിയിൽ മേൽ നിർദ്ദേശങ്ങളൊക്കെ നടപ്പിലാക്കുമെന്നാണ് അറിയിച്ചത്. ക്രമനം 3 -ന്റെ കാര്യത്തിൽ നിലവിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നല്കാൻ നടപ്പു വർഷത്തെ ഓഡിറ്റ് സമയത്തും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. നടപ്പുവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.1) നല്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി തന്നെയാണ് ആവർത്തിച്ചിരിക്കുന്നത്. ക്രമനം നാലിന് മറുപടി നല്കിയില്ലെങ്കിലും 4ൽ സൂചിപ്പിച്ച നിരീക്ഷണം നടക്കുന്നില്ലെന്ന് നിലവിലെ അവസ്ഥയും സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സും വ്യക്തമാക്കുന്നുമുണ്ട്. റിപ്പോർട്ട് ലഭിച്ച് ഒന്നരവർഷത്തോളമായിട്ടും വരുമാനചോർച്ച തടയുന്നതിന് നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തത് അംഗീകരിക്കാനാവില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും സൂപ്പർവൈസറി തലത്തിലുമുള്ള വീഴ്ചകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ഡി&ഒ ലൈസൻസ് ഇല്ലാതെ 454 കെട്ടിടങ്ങൾ നിലവിൽ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തിയെന്ന് റിപ്പോർട്ടിനുള്ള മറുപടിയിൽ വ്യക്തമാക്കിയതിൽ നിന്നും ലൈസൻസ് ഫീസ് കൂടാതെ തൊഴിൽ നികുതിയിൽ ഉള്ള വരുമാനചോർച്ചയുടെ തോതും വ്യക്തമാക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും, 2017-18 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 1-10 അനധികൃത നിർമ്മാണങ്ങൾ പെരുകുന്നു;നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണത്തിന്റെ തോത് വലുതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഓഡിറ്റ് വർഷത്തിൽ ആകെ 236 പെർമിറ്റുകൾ അനുവദിച്ചപ്പോൾ 118 അപേക്ഷകളിൽ ക്രമവൽക്കരണം നടത്തിയിട്ടുണ്ട്. ഇതിൽ 101 എണ്ണവും പ്രവൃത്തി പൂർത്തീകരിച്ച് ഓണർഷിപ്പിന് അപേക്ഷിക്കുമ്പോഴാണ് നിർമ്മാണം നടത്തിയ വിവരം സ്ഥാപനം അറിയുന്നതും ക്രമവൽക്കരണത്തിനായി അപേക്ഷിക്കുന്നതും. പാർപ്പിടാവശ്യത്തിനും വാണിജ്യാവശ്യത്തിനുമുള്ള വലിയ കെട്ടിടങ്ങൾ ഇപ്രകാരം സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വാർഡ് 5ലെ വടക്കയിൽ ഇസ്മയിലിന്റെ പേരിലുള്ള 674.47 M2 വാസഗൃഹവും

C.P.ഷാജഹാന്റെ പേരിലുള്ള 395.93m$^2$ വാസഗൃഹവും ഇതിന് ഉത്തമോദാഹരണങ്ങളാണ്. പെർമിറ്റ് ഇല്ലാതേയുള്ള വളരെ വലിയ ഇത്തരം നിർമ്മിതികൾ വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാരുടേയും ഗ്രാപഞ്ചായത്തുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവരുടേയും ശ്രദ്ധയിൽ വരാത്തതോ, റിപ്പോർട്ട് ചെയ്യാത്തതോ അവിശ്വനീയമാണ്. നിർമ്മാണം പൂർത്തിയാക്കിയിനുശേഷം ക്രമവൽക്കരണത്തിന് അപേക്ഷിക്കുമ്പോൾ കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് അനുസൃതമല്ലാത്തവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും അനാവശ്യമായ നിയമനടപടികൾക്കും ഇത് ഇടയാക്കുന്നുണ്ട്. അനധികൃതമായി നിർമ്മാണം നടത്തിയതിന് ശേഷം ശ്രദ്ധയിൽ വന്ന് നടപടികൾ ആരംഭിക്കപ്പെട്ട 5 നിർമ്മാണങ്ങൾ നിലവിൽ സ്ഥാപനത്തിലുണ്ട്. ഇതിൽ 2 എണ്ണത്തിന്റെ കാര്യത്തിൽ, നല്കിയ നോട്ടീസിനെതിരെ ഉടമകൾ ട്രിബ്യൂണിലിൽ പരാതി നല്കിയിരിക്കുകയാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. നാലാം വാർഡിൽ മൂസമാസ്റ്റർ കല്ലിൽ എന്നയാൾ പൊതുവഴി കൈയേറി നിർമ്മാണം നടത്തിയതും, വാർഡ് 14ൽ ആലിക്കുട്ടി, മൂസ ചാത്തോത്ത് എന്നിവർ നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയും അതിനുമുകളിൽ ലോഹപ്പന്തലും നിർമ്മിച്ചതുമാണ് ട്രിബ്യൂണിലിൽ എത്തിയവ. യഥാക്രമം APL-457/2018, APL437/2018 എന്നിവയായി മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റുള്ള മൂന്നെണ്ണത്തിന്റെ കാര്യത്തിൽ ക്രമവൽക്കരണത്തിന് നിർദ്ദേശം നല്കിയതായി സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. മേല്പറഞ്ഞതിൽ നിന്നും സമയോചിതമായ ഇടപെടൽ ഇല്ലാത്തത് വരുമാന നഷ്ടത്തിനൊപ്പം തനത് ഫണ്ടിന് ബാധ്യത വരുന്നതരത്തിൽ നിയമനടപടികളിലേക്ക് നയിക്കുന്നതായി കാണാം.കൃത്യമായി ജോലി വിഭജിച്ച് നല്കുന്നതിൽ കാലതാമസം വരുത്തിയതും (1/2019ലാണ് വിശദമായ ഓഫീസ് ഓർഡർ ഇറക്കിയത്) ജോലിവിഭജനം വന്നിട്ടുകൂടി കർത്തവ്യനിർവ്വഹണത്തിൽ ജീവനക്കാർ വീഴ്ച വരുത്തിയതും, ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ളവർ നിരീക്ഷണം നടത്താത്തതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ സംവിധാനം നടപ്പിലാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 1-11 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക -ചെലവഴിക്കാത്തത് തിരിച്ചടച്ചില്ല

സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശങ്ങൽ പാലിക്കാത്തതു സംബന്ധിച്ച പരാമർശം 2017-18 ലെ ഖണ്ഡിക 2-6ൽ പരാമർശിച്ചിരുന്നു. 509588/-രൂപ മേൽ വർഷത്തിൽ വിനിയോഗിക്കാത്തത് തിരിച്ചടക്കാനും നിർദ്ദേശിച്ചിരുന്നു. റിപ്പോർട്ടിന് നല്കിയ മറുപടിയിൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ഓഡിറ്റ് എൻക്വയിറി (നം.1) പ്രകാരം നിലവിലുള്ള അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ തുകയിൽ നിന്നും 30000/-രൂപ ഓഡിറ്റ് വർഷത്തിൽ ചെലവ് ചെയ്തു കാണുന്നു. (ഖണ്ഡിക 4-2 കാണുക) അവശേഷിക്കുന്ന തുകയും ഓഡിറ്റ് വർഷത്തെ അവശേഷിക്കുന്ന തുകയും ഉൾപ്പടെ 835268/- രൂപ ഓഡിറ്റ് വർഷത്തിൽ അവശേഷിക്കുന്നുണ്ട്. ഈ തുകയും നാളിതുവരെ തിരിച്ചടച്ചിട്ടില്ല. കൃത്യമായ ഓഡിറ്റ് നിർദ്ദേശമുണ്ടായിട്ടും തുക തിരിച്ചടക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തിരിച്ചടക്കേണ്ട തുകയിൽ നിന്നും 30000/- രൂപ ചെലവഴിച്ചതിനും വിശദീകരണം നല്കേണ്ടതാണ്. അവശേഷിക്കുന്ന രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരംഅറിയിക്കേണ്ടതാണ്.

# 1-12 പുതിയ റോഡ് പ്രവൃത്തികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

2018-19 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡുകളുടെ നിർമ്മിതിക്കായി വിനിയോഗിച്ചതായി കാണുന്നു. പൊതു ആവശ്യ ഗ്രാന്റിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും വിനിയോഗം സംബന്ധിച്ച 9.12.2004 ലെ ജി.ഒ(എം.എസ്) 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിക്കാവൂയെന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് വിഹിതം വിനിയോഗിക്കേണ്ടതെങ്കിലും, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനു ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ഇതുപോലും നിർവ്വഹിക്കാൻ കഴിയുന്നത് ഇതിനായി റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമല്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്താൽ മാത്രമാണ്(സർക്കുലർ നം. 68228/എഫ്.എം1/ 2012/തസ്വഭവ തീ. 28.11.2012). എന്നാൽ ചുവടെ ഉദാഹരണമായി ചേർത്തിട്ടുള്ള പുതിയ റോഡുകളുടെ നിർമ്മിതിക്ക് സബ് ഗ്രേഡ് മുതലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് മെയിന്റനൻസ് ഫണ്ട് (റോഡ് ) ആണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്ട് നം, പേര് | ആകെ ചെലവ് | മെയിന്റനൻസ് ഗ്രാന്റിൽ നിന്നുള്ള ചെലവ് | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | വിലങ്ങാട് വായനശാല- ചങ്ങലഗേറ്റ് റോഡ് (89/19) | 4,90,000/- | 4,00,000/- | 70/18-19 തീ.20.12.2018 |
| 2 | ഷാപ്പുകെട്ടിയ പറമ്പ്-മൂലക്കാപ്പിൽ റോഡ്(172/19) | 5,07,074/- | 5,07,074/- | 12/18-19 തീ.23.06.2018 |
| 3 | പുതുക്കുടി -കുന്നുകുളം റോഡ് ടാറിംഗ്(191/19) | 3,57,589/- | 3,57,589/- | 8/18-19 തീ.23.06.2018 |
| 4 | തുണ്ടിച്ചാലിൽ- കല്ലിൽ മുക്ക് റോഡ് ടാറിംഗ്(103/19) | 3,99,964/- | 3,99,964/- | 86/2018-19 തീ.24.01.2019 |
| 5 | കരുകുളം-കാട്ടിക്കുണ്ട് റോഡ് ടാറിംഗ്(93/19) | 4,49,163/- | 3,50,000/- | 89/18-19 തീ.31.01.2019 |
| 6 | നടുത്തറ-ഇരുന്നിലാട് റോഡ് ടാറിംഗ്(184/19) | 3,28,219/- | 3,28,219/- | 6/18-19 തീ.23.06.2018 |
| 7 | പുതുശ്ശേരി-വേർക്കടവ് റോഡ് | 1,55,442/- | 1,55,442/- | 9/18-19 |

| | | | | |
|---|---|---|---|---|
| | ടാറിംഗ്(170/19) | | | തീ. 23.06.2018 |
| 8 | നിടുംപറമ്പ്-തേറു പറമ്പ് റോഡ് ടാറിംഗ്(193/19) | 2,34,244/- | 2,34,244/- | 17/18-19 തീ. 23.06.2018 |
| 9 | കുറ്റിക്കാട്ടിൽ-ചെറിയ പറമ്പ് റോഡ് ടാറിംഗ്(171/19) | 1,55,297/- | 1,55,297/- | 48/18-19 തീ. 29.09.2018 |
| 10 | നീളം പറമ്പ്- പുത്തൻപുരയിൽ റോഡ് ടാറിംഗ്(182/19) | 3,29,892/- | 3,29,892/- | 7/18-19 തീ. 23.06.2018 |
| 11 | പൊന്നാണ്ടിമുക്ക്-ഒറ്റത്തെങ്ങുള്ളതിൽ റോഡ് കോൺക്രീറ്റിംഗ്(183/19) | 2,00,000/- | 2,00,000/- | 30/2018-19 തീ. 20.08.2018 |
| 12 | വായനശാല- ആമിയന്റവിട റോഡ് കോൺക്രീറ്റ്(99/19) | 2,82,543/- | 2,82,543/- | 77/18-19 തീ. 10.01.2019 |
| | ആകെ | | 37,00,264/- | |

പുതിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/2018-19, തീ.20.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് മേൽ പരാമർശിച്ചതു പ്രകാരമുള്ള തുക ചെലവഴിച്ചിരിക്കുന്നത്. ഇത് പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് തുല്യമാണ്.

മേൽ സാഹചര്യത്തിൽ 37,00,264/ രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 37,00,264/- രൂപയും, ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ് വിഹിതം) ഉപയോഗിച്ച് നടപ്പാക്കിയ മുകളിൽ പരാമർശിച്ചവ ഒഴികെയുള്ള മുഴുവൻ പുതിയ റോഡ് പ്രവൃത്തികളും പരിശോധിച്ച് ഇതിനായി വിനിയോഗിച്ച തുക കൂടി കണക്കാക്കി, പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

# 1-13 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവർത്തികളിലും തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തതായി കാണുന്നു.

2018-19 വർഷത്തിൽ പൂർത്തീകരിച്ച മിക്കവാറും പ്രവൃത്തികൾക്കും കരാർ വച്ചത് 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ

പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. പി.ഡബ്ള്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/ PLA/EMP/1014(a)/05 ഉത്തരവ് പ്രകാരം 01.10.2017 മുതൽ നാദാപുരത്തിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 39.22 ശതമാനം ആയി പുനർ നിർണയിച്ചിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി കരാർ വച്ച് ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. 01.10.2017 ന ശേഷം എഗ്രിമെന്റ് വച്ചതും, കോസ്റ്റ ഇൻഡക്സ് 42.16 ശതമാനമായി കണക്കാക്കിയതുമായ ഏതാനും പ്രവൃത്തികളുടെ വിവരം ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | കരാറുകാരൻ, എഗ്രിമെന്റ് നമ്പർ/ തിയ്യതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|
| 1 | 172/19<br>ഷാപ്പുകെട്ടിയ പറമ്പ്-മൂലക്കാപ്പിൽ റോഡ് ടാറിംഗ് | ശ്രീ. ബാലൻ. എം.കെ<br>69/AE/LSGD/ VNML/2017-18 തീ. 02.03.2018 | 5,07,074/- | 12/18-19 തീ.23.06.2018 |
| 2 | 188/19<br>മുല്ലേരിക്കണ്ടി- കാക്കിയോട്ടുമ്മൽ റോഡ് ടാറിംഗ് | ശ്രീ. സുകേഷ്. വി. പി<br>77/AE/LSGD/ VNML/2017-18 തീ. 02.03.2018 | 3,69,141/- | 24/18-19 തീ.29.06.2018 |
| 3 | പുതുക്കുടി കുന്നുകുളം റോഡ് ടാറിംഗ് | ശ്രീ. എം. കെ ബാലൻ<br>33/AE/LSGD/ VNML/2017-18 തീ. 02.03.2018 | 3,57,589/ | 8/18-19 തീ.23.06.2018 |
| 4 | 209/19<br>അംഗൻവാടി കെട്ടിടങ്ങളിൽ ചുമർചിത്ര നിർമ്മാണം | ശ്രീ. സുകേഷ്. വി. പി<br>44/AE/LSGD/ VNML/2017-18 തീ. 30.01.2018 | 204500/- | 26/18-19 തീ.20.08.2019 |
| 5 | 184/19<br>നടുത്തറ-ഇരുന്നിലാട് റോഡ് ടാറിംഗ് | ശ്രീ. സുധീഷ്. വി. കെ<br>19/AE/LSGD/ VNML/2017-18 | 328219/- | 6/18-19 തീ.23.06.2018 |

| | | | | |
|---|---|---|---|---|
| | | തീ. 22.01.2018 | | |
| 6 | 185/19<br>നാമത്ത് പള്ളി- മാമ്പിലാക്കൽ റോഡ് ടാറിംഗ് | ശ്രീ. എ. കെ നാസർ<br>61/AE/LSGD/ VNML/2017-18 തീ. 02.03.2018 | 352701/- | 20/18-19 തീ.23.06.2018 |
| 7 | 181/19<br>പരപ്പപാറ- ചേരനാണ്ടി റോഡ് റിപ്പയർ | ശ്രീ. അബ്ദുറഹ്മാൻ.കെ.പി<br>70/AE/LSGD/ VNML/2017-18 തീ. 02.03.2018 | 91565/- | 19/18-19 തീ.23.06.2018 |
| 8 | 170/19<br>പുതുശ്ശേരി-വേർക്കടവ് റോഡ് ടാറിംഗ് | ശ്രീ. മൂസ വാഴയിൽ<br>58/AE/LSGD/ VNML/2017-18 തീ. 02.03.2018 | 1,55,442/- | 9/18-19 തീ.23.06.2018 |
| 9 | 193/19<br>നിടുംപറമ്പ്-തേറുപറമ്പ് റോഡ് ടാറിംഗ് | ശ്രീ. സുധീഷ്. വി. കെ<br>26/AE/LSGD/ VNML/2017-18 തീ. 22.01.2018 | 234244/- | 17/18-19 തീ.23.06.2018 |
| 10 | 171/19<br>കുറ്റിക്കാട്ടിൽ - ചെറിയ പറമ്പ് റോഡ് ടാറിംഗ് | ശ്രീ. മൂസ വാഴയിൽ<br>60/AE/LSGD/ VNML/2017-18 തീ. 02.03.2018 | 155297/- | 48/18-19 തീ.29.09.2018 |

കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/2018-19/20.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല. 01.10.2017 ന് മുമ്പായി കരാർ വെച്ചതും, എസ്റ്റിമേറ്റിൽ 42.16% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയതുമായ എല്ലാ പ്രവൃത്തികളും പരിശോധിച്ച് ഈയിനത്തിൽ അധികം നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-14 പരപ്പുപാറ – എൻ.എസ്.എസ് റോഡ് റിപ്പയർ-ജി.എസ്.ടി ഈടാക്കാത്തതും മറ്റ് അപാകതകളും

കേന്ദ്ര ധനകാര്യ വകുപ്പിന്റെ 14.09.2018 ലെ റവന്യൂ വിഭാഗം CBEC സർക്കുലർ നം 65/39/2018 -

DOR (F.No.S.31011/11/2018-ST-I-DoR) പ്രകാരം 01.10.18 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 2 % ടി.ഡി.എസ് പിടിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം, 1.10.2018 ന് ശേഷം പ്രവൃത്തി പൂർത്തീകരിച്ച താഴെ ചേർത്ത പ്രവൃത്തിയുടെ മരാമത്ത് ബില്ലിൽ നിന്നും 2% ജി.എസ്.ടി ഈടാക്കി സർക്കാരിൽ ഒടുക്കിയതായി കാണുന്നില്ല.

| പ്രവൃത്തി | കരാർ തീയതി/ കരാറുകാരൻ/ എം.ബുക്ക്/ | ആകെ പ്രവൃത്തി മൂല്യം | ചെലവ് ബിൽ നം, തീയതി | അവസാനമായി ചെക്ക് മെഷർ ചെയ്ത തീയതി | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി 2% |
|---|---|---|---|---|---|
| പരപ്പുപാറ – എൻ.എസ്.എസ് റോഡ് റിപ്പയർ<br>192/19<br>(സ്പിൽ ഓവർ പ്രവൃത്തി) | 73/AE/LSGD/ VNML/2017-18 തീ. 02.03.2018<br>ശ്രീ. സുധീഷ്. വി. കെ<br>എം. ബുക്ക് നം. 11/18-19 | 2,96,993/- | 25/18-19 തീ.20.08.2019 | 26.12.2018 | 5940 |

മേൽ പ്രവൃത്തി ബില്ലിൽ നിന്ന് 5940/- രൂപ ജി.എസ്.ടി ഇനത്തിൽ ഈടാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

1. <u>സൈറ്റ് കൈമാറുന്നതിലും , പ്രവൃത്തി പൂർത്തീകരിക്കുന്നതിലും കാലതാമസം</u>

02.03.2018 ൽ കരാർ വച്ചിട്ടുള്ള മേൽ പ്രവൃത്തിയ്ക്കായി സൈറ്റ് കൈമാറിയിരിക്കുന്നത് രണ്ട് മാസം വൈകി 09.05.2018 തീയതിയിലാണ്. കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരനോ/ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസി. എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതായിരുന്നു. (PWD manual 2102.1). ഇത്തരത്തിലുള്ള നടപടിക്രമം പാലിക്കപ്പെട്ടിട്ടില്ല. ഇത് കൂടാതെ, പ്രവൃത്തി അവസാനമായി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 24.12.2018 തീയതിയിലാണ്. 8 മാസം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നത്. കാലതാമസത്തിനുള്ള പിഴയും ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി വ്യക്തമാക്കിയിട്ടില്ല. എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസമാണ്. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് പുതുക്കിയ PWD മാന്വൽ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം സമയം ദീർഘിപ്പിക്കേണ്ടി വരുമ്പോൾ PAC തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25% വും 2% ഈടാക്കി വീണ്ടുമൊരു 25% കൂടിയും സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇത്തരം സമയം ദീർഘിപ്പിച്ചതായോ പിഴ ഈടാക്കിയതയോ കാണുന്നില്ല. സൈറ്റ് കൈമാറുന്നതിലും, പ്രവൃത്തി പൂർത്തീകരണത്തിലും കാലതാമസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. പിഴ ഈടാക്കാതിരുന്നതിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

2. എം. ബുക്കിൽ ബിറ്റുമിൻ ആഡിക്വസി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയ്ക്കായി 59,615/- രൂപയുടെ ബിറ്റുമിൻ വാങ്ങി നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ബിറ്റുമിൻ വിലയായി കുറവു ചെയ്തത് 64,341/- രൂപയാണ്. 59615/- രൂപയ്ക്ക് പകരം 64,341/- രൂപ കുറവ് ചെയ്തത് എങ്ങിനെയെന്നത് വ്യക്തമല്ല. ഇത് കൂടാതെ ഒഴിഞ്ഞ ബാരൽ വില ഈടാക്കിയിട്ടുമില്ല.

3. എം. ബുക്കിൽ മെമ്മോ ഓഫ് പെയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/218-19 തീ. 21.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ ഈടാക്കാതിരുന്ന 5940/- രൂപ ഈടാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയും, മേൽ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈാടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയും വിവരം അറിയിക്കേണ്ടതും, മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

# 1-15 2017-18 സാമ്പത്തിക വർഷം അടവാക്കിയ തുകയ്ക്കുള്ള ടാർ പൂർണ്ണമായും ലഭ്യമാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ വാങ്ങിക്കുന്നതിന് അസി. എഞ്ചിനീയർ 17,26,172/- രൂപ സിഡ്കോയ്ക്ക് അടവാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്ത പ്രകാരം ടാർ സ്ഥാപനത്തിൽ ഇറക്കി ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ട്.

SS-1 : 55 ബാരൽ

RS-1 : 22 ബാരൽ

VG-30 : 130 ബാരൽ

ഇതിൽ R.S.1 23 ബാരൽ ടാറിന് വില അടവാക്കിയതിൽ 22 ബാരൽ മാത്രമെ ലഭ്യമായിട്ടുള്ളൂ എന്നും 1 ബാരൽ ഇനിയും ലഭിക്കാനുണ്ടെന്നും, മാത്രമല്ല ടാറിനായി മൊത്തം അടവാക്കിയ തുക ബിൽ തുകയേക്കാൾ അധികമായതിനാൽ 32,842/- രൂപ തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 05.06.2018 ന് അസി. എഞ്ചിനീയർ സിഡ്കോ മാനേജർക്ക് കത്ത് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 32,537/- രൂപ പഞ്ചായത്തിൽ തിരികെ ലഭ്യമായിട്ടുണ്ട് (രശീത് നം. 119030500008/21.06.2018). എന്നാൽ ലഭ്യമാവാനുള്ള ഒരു ബാരൽ RS-1 ടാർ നാളിതുവരെ ലഭ്യമായിട്ടില്ല. സിഡ്കോയിൽ നിന്നും ലഭ്യമാവാൻ ശേഷിക്കുന്ന 305/- രൂപ (32842-32537), ഒരു ബാരൽ RS-1 ടാർ എന്നിവ ലഭ്യമാവാൻ കൈക്കൊണ്ട തുടർനടപടികൾ അറിയിക്കേണ്ടതും, ടാർ അധിക വിലയിനത്തിൽ തിരികെ ലഭിച്ച 32537/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടവാക്കേണ്ടതുമാണ്.

# 1-16 വില്ലേജ് ഓഫീസ് -മാടോംപൊയിൽ റോഡ് കോൺക്രീറ്റ് - പ്രവൃത്തിയുടെ ഗുണനിലവാരം

# ഉറപ്പുവരുത്താതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്ട് നം. | 112/19 |
| വകയിരുത്തിയ തുക | 2,00,000/- |
| ചെലവു തുക | 2,00,000/-(76/18-19 തീ. 10.01.2019) |
| കരാറുകാരൻ | ശ്രീ. ജോണി. എം. മുല്ലക്കുന്നേൽ |
| T. S No. | 44447/2018-19 |
| എം. ബുക്ക് | 118/18 |

വില്ലേജ് ഓഫീസ് മാടോംപൊയിൽ റോഡിന്റെ തുടക്കഭാഗം മുതൽ 22 മീറ്റർ സഞ്ചാരയോഗ്യമായുള്ള ഭാഗം കഴിച്ച് 64 മീറ്റർ നീളത്തിൽ ഇരുവശത്തും സെക്ഷൻ പ്രവൃത്തി, അത്രയും നീളം തന്നെ താഴ്ന്നുകിടക്കുന്ന റോഡിന്റെ മധ്യഭാഗം മണ്ണിട്ട് ഉയർത്തി, അടിത്തറ ബലപ്പെടുത്തി 64 മീറ്റർ നീളത്തിൽ 1:2:4 കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനായിട്ടാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം അടിത്തറ ബലപ്പെടുത്തൽ, റോഡ് കോൺക്രീറ്റ് എന്നിവ 10 cm കനത്തിൽ ചെയ്യുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ എം. ബുക്ക്, വർക്ക് ബിൽ എന്നിവ പരിശോധിച്ചതിൽ ആദ്യ ഇനങ്ങളായ റോഡ് സെക്ഷനിംഗ്, മണ്ണ് ഫില്ലിംഗ് എന്നിവ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടപ്പിലാക്കിയപ്പോൾ മൊത്തം 99 മീറ്റർ നീളത്തിൽ റോഡിന്റെ അടിത്തറ ബലപ്പെടുത്തി കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (എം.ബുക്ക് 118/18 പേജ് 3, 4). അടിത്തറ ബലപ്പെടുത്തൽ 10 സെ.മീ കനത്തിനു പകരം 5 സെ. മീറ്ററും റോഡ് കോൺക്രീറ്റ് 1:2:4 പ്രവൃത്തി 10 സെ. മീറ്ററിന് പകരം 7 സെ.മീറ്ററിലുമാണ് നടത്തിയിരിക്കുന്നത്. 64 മീറ്ററിന് പകരം 99 മീറ്റർ പ്രവൃത്തി നടത്തുവാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതായും കാണുന്നില്ല. മാത്രമല്ല റോഡിന്റെ അടിത്തറ ബലപ്പെടുത്തുന്നതിനും കോൺക്രീറ്റിനും ആവശ്യമായ കനം നൽകാതെ പ്രവൃത്തി നടത്തിയതുമൂലം പ്രവൃത്തിക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 31/2018-19 തീ. 20.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-17 എം.ആർ.എഫ് കെട്ടിട നിർമ്മാണം-പ്രവൃത്തി പൂർത്തിയായിട്ടും മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഉപയോഗപ്പെടുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് അവ സംസ്കരിക്കുന്നതിനായി 5ാം

വാർഡിൽ കുങ്കൻനിരവ് എന്ന സ്ഥലത്ത് എം. ആർ. എഫ് സെന്റർ നിർമ്മിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ആരംഭിച്ച് 2018-19 വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്(പ്രൊജക്റ്റ് നം. 214/19). കേന്ദ്രാവിഷ്കൃത ഫണ്ട് (ശുചിത്വമിഷൻ ഫണ്ട്) വിനിയോഗിച്ച് എം.ആർ. എഫ് കെട്ടിടം നിർമ്മാണം പൂർത്തിയാക്കി 2018-19 വർഷത്തിൽ ഫൈനൽ ബിൽ നൽകിയിട്ടുമുണ്ട് (252918/-; ബിൽ നം. 31/18-19 തീ. 20.08.2018; ആകെ ചെലവഴിച്ച തുക 7,25,126/- രൂപ). 2018 ജൂൺ മാസത്തിൽ പ്രവൃത്തി പൂർത്തീകരിച്ച കെട്ടിടം രണ്ട് വർഷം കഴിഞ്ഞ് ഓഡിറ്റ് സമയത്തും മാലിന്യ ശേഖരണത്തിന് ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. നിർവ്വഹണം പൂർത്തിയാക്കിയ എം.ആർ. എഫ് കെട്ടിടം മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി ഉപയോഗിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 36/2018-19 തീ. 21.10.2020) 21.10.2020 തീയതിയിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ, കെട്ടിടം വൈദ്യുതീകരിക്കുന്നതിനായി 2019-20 വർഷത്തിൽ പ്രൊജക്റ്റ് രൂപീകരിച്ചത് 2020-21 ൽ സ്പിൽ ഓവർ ആയി തുടരുകയാണ്. ഹരിത കർമ്മസേനാംഗങ്ങളെ ഉപയോഗപ്പെടുത്തി MRF സെന്റർ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് നിലനിൽക്കുന്നതിനാൽ ആയത് പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞില്ല. ഇക്കാര്യത്തിൽ ഭരണസമിതി, ജനങ്ങളുമായി നടത്തിയ ചർച്ചയും വിജയം കണ്ടില്ല. ഈ വിഷയം ബഹു. ജില്ലാ കളക്ടറുടെയും ശുചിത്വമിഷന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് പൊതുജനങ്ങളുമായി കാര്യങ്ങൾ ചർച്ച ചെയ്യാൻ ബഹു.ജില്ലാ കലക്ടർ നേരിൽ എത്തുന്നതാണെന്നറിയിച്ചിരുന്നെങ്കിലും ആയതിന് അവസരമുണ്ടായില്ല എന്നും അറിയിച്ചിട്ടുണ്ട്.

കെട്ടിടനിർമ്മാണ പ്രൊജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങളും കൂടി അതിൽ ഉൾപ്പെടുത്തി ഒറ്റ പ്രൊജക്റ്റ് ആയി വേണം തയ്യാറാക്കേണ്ടത് എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ( സ. ഉ നം. 11/2018/തസ്വഭവ തീ. 29.01.2018 ഖ. 3.5.5(9) ). ഈ നിബന്ധന പാലിച്ചിട്ടില്ല. 2017- 18 ൽ കെട്ടിട നിർമ്മാണത്തിനായി ആവിഷ്കരിച്ച പദ്ധതി 2018-19 ൽ പൂർത്തീകരിക്കുകയും, 2019-20 ൽ ആവിഷ്കരിച്ച ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായുള്ള പദ്ധതി സ്പിൽ ഓവറായി 2020-21 വർഷത്തിലും തുടരുകയാണ്. പ്രൊജക്റ്റുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്റ്റ് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിഞ്ഞില്ല.

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകളിലൊന്നാണ്. (പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖ. 3.1.2(ബി)(1)). പദ്ധതി ആസൂത്രണം ചെയ്യുന്നതിനും മുമ്പായി ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചത് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരുന്നെങ്കിൽ എം. ആർ.എഫ് സെന്റർ പ്രവർത്തിപ്പിക്കുന്നതിലെ പ്രദേശവാസികളുടെ എതിർപ്പ് എന്ന വിഷയത്തെ ഒരു പരിധിവരെ ഇല്ലാതാക്കാമായിരുന്നു. പദ്ധതിയുടെ ആരംഭത്തിൽ തന്നെ ചർച്ചകളിലൂടെ വിഷയം പരിഹരിക്കുകയോ, ഇതിനായി മറ്റൊരു സ്ഥലം കണ്ടെത്തുകയോ ചെയ്ത് പദ്ധതി ലക്ഷ്യത്തിൽ എത്തിക്കാമായിരുന്നു. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 219 (എ)മുതൽ219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു. മേൽ സാഹചര്യത്തിൽ, പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-18 പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ അനർഹമായ നിരക്കിൽ ഓവർഹെഡ്സ് ചാർജ്ജ് നൽകുന്നു

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലും, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയുമാണ്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ (ആർ.ടി)2480/2010/തസ്വഭവ/ 29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമപ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തമായ ഘടകങ്ങൾ ആണ്. എന്നിട്ടും വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 7.5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ വിഷയം ചൂണ്ടിക്കാണിച്ചിരുന്നു. മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണവും, മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ഇതേ വിഷയത്തിൽ സ്വീകരിച്ച നടപടിയും അറിയിക്കുന്നതിനായി അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (നം. 28/2018-19 തീ. 20.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-19 പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ

പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

## 1. പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ വീഴ്ച- ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു

2018-19 വർഷത്തിൽ പൊതു മരാമത്ത് മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 153 പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആയതിൽ 63 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആസൂത്രണം ചെയ്ത 153 പദ്ധതികളിൽ 101 എണ്ണം മാത്രമെ തൻ വർഷം നിർവ്വഹണം നടത്തിയിട്ടുള്ളു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്തവയുടെ എണ്ണം |
|---|---|---|---|
| പുതിയ പദ്ധതികൾ | 90 | 47 | 43 |
| സ്പിൽ ഓവർ പദ്ധതികൾ | 63 | 54 | 9 |

2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 4,05,78,611 രൂപയിൽ 2,40,01,960 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതായത് അടങ്കൽ തുകയുടെ 59.14 ശതമാനം തുക മാത്രമെ സ്ഥാപനത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. നടപ്പാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾക്കു വേണ്ടി വകയിരുത്തിയ പദ്ധതി തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 63 സ്പിൽ ഓവർ പ്രവർത്തികൾക്ക് തുക വകയിരുത്തി 54 പ്രവൃത്തികൾക്ക് ചെലവഴിക്കേണ്ടതായും വന്നിട്ടുണ്ട്. (പുതിയ പ്രവൃത്തികളുടെ ചെലവു ശതമാനം 52% മാത്രമാണ്)

ഇത് കൂടാതെ, അംഗീകാരം വാങ്ങിയ 153 പൊതുമരാമത്ത് പ്രവത്തികളിൽ 41 എണ്ണവും 5,00,000/- രൂപ വരെ അടങ്കൽ വരുന്നവയാണ്. ഈ രീതിയിൽ 5,00,000/- രൂപ വരെ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ രീതിയിലാണ് നടത്തുന്നത്. 2018-19 വർഷങ്ങളിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചാൽ ഇത്തരം മാന്വൽ ടെണ്ടറുകൾക്ക് മത്സരാധിഷ്ഠിത ടെണ്ടറുകൾ ആവാതെ കൂടുതലും സിംഗിൾ ടെണ്ടർ ആയിട്ടാണ് കാണുന്നത്. ഒന്നിൽകൂടുതൽ ആളുകൾ പങ്കെടുത്തിട്ടുള്ളതിൽ കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കായിരിക്കുന്ന പ്രവണതയും കാണുന്നു.

സർക്കാർ ഉത്തരവ് നം.11/2018/ത.സ്വ.ഭ.വ. തീ. 29.1.2018 ഖണ്ഡിക 2.3 ൽ പദ്ധതി തയ്യാറാക്കുന്നതിലെ വ്യവസ്ഥകൾ വിവരിക്കുന്നു. ഇതിൽ നിർദ്ദേശം 6,7 എന്നിവയിൽ, തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. എന്നാൽ 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പദ്ധതികൾ പരിശോധിച്ചതിൽ അത്തരത്തിലൊരു ശ്രമം നടന്നതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് വിഭാഗത്തിൽ അസി. എഞ്ചിനീയറും, ഒരു ഓവർസിയറും മാത്രമായിരുന്ന 2018-19 വർഷത്തിൽ ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചത് പ്രകാരമുള്ള അത്രയും പദ്ധതികൾ തയ്യാറാക്കൽ, ഇതുമായി ബന്ധപ്പെട്ട തുടർനടപടികളായ ടെണ്ടർ നടപടി സ്വീകരിക്കൽ, സെലക്ഷൻ നോട്ടീസ് തയ്യാറാക്കി കരാറുകാർക്ക് അയയ്ക്കൽ, കരാർവെക്കുന്നതിന് നടപടി സ്വീകരിക്കൽ, സൈറ്റ് കൈമാറൽ, പ്രവൃത്തി സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ തുടങ്ങിയ പ്രവൃത്തികൾ ഈ കാലയളവിൽ എപ്രകാരം പ്രാവർത്തികമാക്കി എന്നത് വ്യക്തമല്ല.

## 2. സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും  സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. ഇത് പലപ്പോഴും എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കേണ്ടി വരുന്നതിന് കാരണമാകുന്നു. സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും അപാകതയുണ്ട്. പല എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലും റോഡുകളുടെ പ്രവൃത്തി എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് പരിഷ്കരണ പ്രവൃത്തികളിൽ സൈറ്റിന്റെ നിലവിലെ അവസ്ഥയെന്തെന്നും പരാമർശിക്കുന്നില്ല. പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകത, ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.

## 3. പുതിയ പ്രവൃത്തികളിൽ കരാർ വെയ്ക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്ത് തൻവർഷം 153 (90 New+63 SpillOver) പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 90 പുതിയ പദ്ധതികളിൽ 82 എണ്ണത്തിനാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചിട്ടുള്ളത്. 08/2018 മുതൽ 03/2019 വരെയുള്ള കാലയളവിലാണ് ഇത്രയും പദ്ധതികൾക്ക് കരാർ വെയ്ക്കുന്നത്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|
| 1 | ആഗസ്റ്റ് | 5 |
| 2 | സെപ്റ്റംബർ | 23 |
| 3 | ഒക്ടോബർ | - |
| 4 | നവംബർ | 8 |
| 5 | ഡിസംബർ | 31 |
| | | |

| | | |
|---|---|---|
| 6 | ജനവരി | - |
| 7 | ഫെബ്രുവരി | 4 |
| 8 | മാർച്ച് | 11 |
| ആകെ | | 82 |

ഇതിൽ തന്നെ 11 പ്രവൃത്തികൾക്ക് കരാർ വെയ്ക്കുന്നത് മാർച്ച് മാസത്തിലാണ്. പുതിയ പ്രവൃത്തികളിൽ കരാർ വെയ്ക്കുന്നതിൽ കാലതാമസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 4. കരാർ വെയ്ക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ഏതാനും പ്രവൃത്തികളിൽ കരാർ വെക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം, പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ, firm period - നകമോ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിച്ചതിന് 14 ദിവസത്തിനകം കരാർ വെക്കാൻ, തെരഞ്ഞെടുക്കപ്പെട്ട കരാറുകാരനെ സെലക്ഷൻ നോട്ടീസ് മുഖേന അറിയിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട കാല പരിധിക്കുള്ളിൽ കരാർ വെക്കാത്ത കരാറുകാർ പൊതു മരാമത്ത് മാന്വൽ പ്രകാരമുള്ള പിഴയടക്കാൻ ബാദ്ധ്യസ്ഥരാണ്. നിർദ്ദിഷ്ട കാലപരിധിക്കു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാറിനുള്ള ഓഫർ റദ്ദ് ചെയ്യാവുന്നതാണ്. ഉദാഹരണമായി , പുതുശ്ശേരി-വേർക്കടവ് റോഡ് ടാറിംഗ്(170/19), കുറ്റിക്കാട്ടിൽ-ചെറിയ പറമ്പ് റോഡ് ടാറിംഗ്(171/19) പ്രവൃത്തികൾക്കായി സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നത് 22.12.2017 നാണ്. (കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല) കരാർ വെച്ചിരിക്കുന്നത് 02.03.2018 തീയതിയിലും. കരാർ വെക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെയും പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## മറ്റ് അപാകതകൾ

1. മിക്ക പ്രവൃത്തികളുടെയും ഫയലിൽ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയതിന്റെ രേഖകൾ എന്നിവയില്ല. സെലക്ഷൻ നോട്ടീസ് ഉൾപ്പെടുത്തിയവയുടെ കാര്യത്തിൽ സെലക്ഷൻ നോട്ടീസുകളിൽ നമ്പർ, തിയ്യതി, അവ കരാറുകാർ കൈപ്പറ്റിയ തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.
2. ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റിൽ നിബന്ധനകൾ എഴുതിച്ചേർക്കുന്നില്ല.
3. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം അടക്കം ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി പൂർത്തീകരണ തീയതി

ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല. (ജി.ഒ(പി)13/2012/ പി.ഡബ്ല്യൂയൂ.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1)

6. പുതിയ നിർമ്മിതികളുടെ കാര്യത്തിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത്/ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
7. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.
8. എല്ലാ എം-ബുക്കുകളിലും 'Memo Of Payment' രേഖപ്പെടുത്തുന്നില്ല.
9. ടി.ആർ 7 A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/2018-19 തീ. 20.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമാവേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-20 I.S.O 9001-2015സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ. പ്രവൃത്തിക്ക് അധിക തുക അനുവദിച്ചു.

വകയിരുത്തിയ തുക- 100000

ചെലവ് തുക – 98988 (ബിൽ നമ്പർ 39/18-19 തിയ്യതി 26-9-18: 40951

41/18-19 തിയ്യതി 28-3-19: 29037,

334/18-19 തിയ്യതി 18-3-19: 29000

ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങൾ ISO നിലവാരം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മേൽ തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. മേൽ പ്രവൃത്തിയുടെ ഭാഗമായി ബിൽ നമ്പർ 39/18-19 തീയതി 26-9-2018 പ്രകാരം പിൻവലിച്ച 40951 രൂപയിൽ 11900 രൂപ പഞ്ചായത്തിലേക്ക് ആവശ്യമായ വിവിധ ബോർഡുകളും സ്റ്റിക്കറുകളും പതിച്ച് നൽകിയ വകയിൽ ശ്രീ അബ്ദുൽ ലത്തീഫ് മണ്ടോള്ളതിൽ സൈൻ ആർട്സ് കല്ലാച്ചി എന്ന ആൾക്ക് നൽകാനുള്ളതും 29051 രൂപ ISO ബോക്സ്, ഫയൽ, രജിസ്റ്റർ, A4 പേപ്പർ എന്നിവ വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകാനുള്ളതുമാണ്. എന്നാൽ തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ 29051 രൂപ അബ്ദുൾ ലത്തീഫ് ഫൈനാർട്സ് കല്ലാച്ചി എന്ന ആൾക്കും 11900 രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിനും തെറ്റായാണ് നൽകിയിരിക്കുന്നത് . ഇതുമൂലം ഫൈൻ ആർട്സ് കല്ലാച്ചി എന്ന സ്ഥാപനം 17151 രൂപ അധികമായി കൈപറ്റിയിരിക്കയാണ് ഇത്രയും തുക ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കേണ്ട തുകയിൽ കുറവു വരികയും ഉണ്ടായിട്ടുണ്ട്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ശ്രീ അബ്ദുൾ ലത്തീഫിൽ നിന്നും അധികം അനുവദിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച 17151 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ഗ്രാമലക്ഷ്മി മുദ്രാലയത്തിനു അടവാക്കേണ്ടതാണ്.

# 1-21 വെള്ളിയോട് G.H.S.S. സ്റ്റുഡന്റ് പോലീസ്

# കേഡറ്റുകൾക്ക് യൂണിഫോം ധനസഹായം അനുവദിച്ചതിൽ അവ്യക്തത.

പ്രൊജക്ട് നമ്പർ- 82/18-19

വകയിരുത്തിയ തുക- 50000

ചെലവുതുക- 48879(order no 137/15-11-18)

നിർവഹണം – സെക്രട്ടറി

വെള്ളിയോട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എസ്.പി.സി കാഡറ്റുകൾക്ക് യൂണിഫോം ധനസഹായമിനത്തില് 48879 രൂപ സ്കൂൾ ഹെഡ് മാസ്റ്ററുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ S.B.T.കല്ലാച്ചിയിലുള്ള 67196225874 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.സ.ഉ.(കൈ) നം 11/18 ത.സ്വ.ഭ.വ പദ്ധതി മാർഗരേഖയിലോ, സ.ഉ.(കൈ) നം 22/18 ത.സ്വ.ഭ.വ തി 14.2.18 സബ്സിഡി മാർഗരേഖയിലോ ഇത്തരമൊരു പ്രൊജക്ടിന് തുക വകയിരുത്താൻ നിഷ്കർഷിക്കുന്നില്ല.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2/1/12 ലെ സ.ഉ.നമ്പർ3/12 പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 50000 രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ സ്കൂളുകളിൽ എസ്.പി.സി.കേഡറ്റുകൾക്കുള്ള യൂണിഫോമിന് സർക്കാർ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ആയതിനാൽ യൂണിഫോം വാങ്ങുന്നതിന് ഇത്തരമൊരു പ്രൊജക്ട് പ്രകാരം പഞ്ചായത്ത് തുക ചെലവഴിക്കേണ്ടതായി വരുന്നില്ല. സർക്കാർ തലത്തിൽ ആനുകൂല്യം ലഭ്യമായില്ലെങ്കിൽ ആയതു സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല ഇത്തരമൊരു പ്രൊജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവ അംഗീകരിച്ചതായും കാണുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സർക്കാർ തലത്തിൽ യൂണിഫോം ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കാൻ സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവുതുക 48879 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-22 തെരുവുവിളക്ക് സ്ഥാപിക്കൽ -KSEB യുടെ അനുവാദമില്ലാതെ തെരുവുവിളക്ക് സ്ഥാപിച്ചതും മറ്റ് അപാകതകളും

പ്രോജക്ട് നമ്പർ - 226/18-19

വകയിരുത്തിയ തുക - 378000

ചെലവ് തുക - 259254 (ബിൽ നമ്പർ 33/18-19 തി 14-2-19 86142 32/18-19 തി 14-2-19 173112)

നിർവഹണം- സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷിക പദ്ധതിയിൽ ആരംഭിച്ചതും 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയതുമായ പ്രോജക്ടാണ് തെരുവുവിളക്ക് സ്ഥാപിക്കൽ. പഞ്ചായത്ത് പരിധിയിലുള്ള വിവിധവാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ നാറ്റ് അസോസിയേറ്റ് ഉള്ളിയേരി എന്നസ്ഥാപനത്തിൽ നിന്നും 24W തെരുവുവിളക്കുകൾ 131 എണ്ണം വാങ്ങി മേൽ ബില്ലുകൾ പ്രകാരം 259254 രൂപചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ തെരുവുവിളക്കുകൾ പഞ്ചായത്ത് സ്റ്റോക്കിലെടുത്ത് ഓരോവാർഡിലും എട്ടെണ്ണം വീതം മൊത്തം 128 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് തെരുവുവിളക്കുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത തെരുവുവിളക്കുകൾ എല്ലാവാർഡുകളിലും സ്ഥാപിച്ചതായി മെമ്പർമാർ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 4, 6, 11, 14 വാർഡുകളിലെ മെമ്പർമാർ തങ്ങളുടെ വാർഡ് പരിധിയൽ തെരുവുവിളക്കുകൾ സ്ഥാപിച്ചതായി സാക്ഷ്യ പത്രം നൽകിയിട്ടില്ല 7, 9, 10 വാർഡ് മെമ്പർമാർ തങ്ങളുടെ വാർഡുകളിൽ നിലവിലുള്ള തെരുവുവിളക്കുകൾ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് എന്നാണ് സാക്ഷ്യ പത്രം നൽകിയിരിക്കുന്നത്. ഇതിൽ നിന്നും പുതുതായി വാങ്ങിയ തെരുവുവിളക്കുകൾ മുഴുവൻ പഞ്ചായത്തിൽ സ്ഥാപിച്ചോ എന്ന് വ്യക്തമല്ല.

പഞ്ചായത്ത് ഭരണസമിതിയുടെ 7/7(10)/18 നമ്പർ തീരുമാന പ്രകാരം ഓരോ വാർഡിലും എട്ടെണ്ണം വീതം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കും സാങ്കേതിക മേൽ നോട്ടത്തിനുമായി KSEB യോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും വിവിധവാർഡുകളിലായി 128 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 20-2-18 ന് പ്രസ്തുതകാര്യം അറിയിച്ചു കൊണ്ട് പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എൻജിനിയർ KSEB പരപ്പുരം സെക്ഷന് അയക്കാനുള്ള കത്ത് തയ്യാറാക്കിയതായി കാണുന്നു. കത്ത് അയച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

6-6-2018 ൽ അസിസ്റ്റന്റ് എൻജിനിയർ ഇലക്ട്രിക്കൽ സെക്ഷൻ പരപ്പുറം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ നോട്ടീസിൽ ഇലടിക്കൽ സെക്ഷൻ ജീവനക്കാരുടെ ഫീൽഡ് പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ KSEB യുടെ പോസ്റ്റുകളിൽ ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെ നിരവധി തെരുവുവിളക്കുകൾ സ്ഥാപിച്ചതായി കാണുന്നുവെന്നും നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സ്ഥാപിച്ച തെരുവുവിളക്കുകൾ നിയമപ്രകാരം ക്രമപ്പെടുത്തുന്നതിനോ അഴിച്ചുമാറ്റുന്നതിനോ ഉള്ള നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടു. ഇതിൽ നിന്നും KSEB യുടെ അനുമതി കൂടാതെയാണ് തെരുവുവിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 11-7-18ൽ പഞ്ചായത്ത് സെക്രട്ടറി, നാറ്റ് അസോസിയേറ്റ് ഉള്ള്യേരിക്ക് അയച്ച കത്തിൽ നാളിതുവരെയും സ്ഥാപനം കരാർ പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്നും പഞ്ചായത്തിലെ ചില വാർഡുകളിൽ സ്ഥാപിച്ച തെരുവുവിളക്കുകൾ നിയമാനുസൃതം ക്രമപ്പെടുത്താൻ KSEB കത്ത് നൽകിയിട്ടുണ്ടെന്നും ആയതിന് വ്യക്തമായ വിശദീകരണം നൽകുന്നതിനും ആവശ്യപ്പെട്ടു. ആയതിന് 20-7-18 ൻ നാറ്റ് അസോസിയേറ്റ് സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധസ്ഥലങ്ങളിൽ 151 തെരുവുവിളക്കുകൾ സ്ഥാപിച്ചതായും ആയത് പരിപാലിക്കുന്നതിന് വീഴ്ചവന്നതായും, കത്താത്ത തെരുവുവിളക്കുകളുടെ വിശദവിവരം അറിയിച്ചാൽ ആയത് പരിഹരിക്കാൻ തൊട്ടടുത്ത ദിവസം തന്നെ സർവീസ് ടെക്നീഷ്യനെ അയക്കുന്നതായും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം സ്ഥാപിച്ച തെരുവുവിളക്കുകൾ പ്രവർത്തന രഹിതമായതു സംബന്ധിച്ച് പൊതുമരാമത്ത്, ഊർജ് വർക്കിംഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 131 തെരുവിളക്കുകൾ വാങ്ങിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 128 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന മൂന്നെണ്ണത്തിന്റെ വിനിയോഗവിവരം.
2. KSEB യിൽ നിന്നും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി പത്രം, കെ.എസ്.സി.ബി യുടെ മേൽനോട്ടം എന്നിവ ലഭ്യമാക്കാതെ തെരുവുവിളക്കുകൾ സ്ഥാപിച്ചതിന് കാരണം.
3. KSEB യുടെ അനുമതിയില്ലാതെ സ്ഥാപിച്ച തെരുവുവിളക്കുകൾ ക്രമപ്പെടുത്തുന്‍ പഞ്ചായത്ത് കൈക്കൊണ്ട നടപടികൾ.
4. 128 തെരുവുവിളക്കുകളുടെ സ്ഥാനത്ത് 151 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന നാറ്റ് അസോസിയേറ്റ് ഉദ്യോഗസ്ഥരുടെ മറുപടിയുടെ ആധികാരികത.
5. കേടായ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നാറ്റ് അസോസിയേറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കൈക്കൊണ്ടനടപടികൾ.

അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 259254 രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾ പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-23 S.T വിദ്യാർത്ഥികൾക്ക് പഠനമുറി- ആവശ്യമായ രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ- 7/19

വകയിരുത്തിയ തുക- 400000

ചെലവുതുക 340000 (ബിൽ നമ്പർ.4/18-19തി.25.11.18 -50000

ബിൽ നമ്പർ.5/18-19തി.25.11.18 -50000

ബിൽ നമ്പർ.7/18-19തി.30.1.19 -50000

ബിൽ നമ്പർ.9/18-19തി.14-2-19-50000

ബിൽ നമ്പർ.11/18-19തി.21.2.19 -90000

ബിൽ നമ്പർ.12/18-19തി.27.2.19 -50000

നിർവഹണം - അസി.സെക്രട്ടറി

എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള സഹായം വിതരണം ചെയ്യുന്നതിനായി രണ്ട് പേർക്ക് സാമ്പത്തിക വർഷം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് .ജോസ്ന

ടി.കെ D/O ഉഷ തെനിയാടൻ, നന്ദു എഡി. S/O ജാനു അടുപ്പിൽ എന്നിവർക്കാണ് ആനുകൂല്യം വിതരണംചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ മുഴുവൻ രേഖകളും ലഭ്യമാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന രേഖകൾ ഗുണഭോക്താക്കൾ ലഭ്യമാക്കിയിട്ടില്ല.

1. ഗുണഭോക്താക്കൾ പട്ടികവർഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
2. ജോസ്ന ടി.കെ എന്ന വിദ്യാർത്ഥിക്ക് പട്ടികവർഗ വികസന വകുപ്പിൽനിന്നോ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നോ പഠനമുറിക്ക് ധനസഹായം ലഭ്യമായിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെസർട്ടിഫിക്കറ്റ്.
3. നിലവിൽ താമസിക്കുന്ന വീടിന് 800 ചതുര അടിയിൽ കൂടുതൽ വിസ്തീർണ്ണമില്ല എന്നതു സംബന്ധിച്ച രേഖ, വീടിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരം.
4. നിർമ്മിക്കുന്ന പഠനമുറിക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്, പഠനമുറിയുടെ എസ്റ്റിമേറ്റ്.

മേൽ പറഞ്ഞ രേഖകൾ പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 340000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-24 വാണിമേൽ പുഴ സംരക്ഷണം പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചു

പ്രോജക്ട് നമ്പർ - 35/18/19

വകയിരുത്തിയ തുക- 420000

ചെലവ് തുക- 38940 (order number – 343/20-3-19 )

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മാതൃക ബിഎംസി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന് 420000 രൂപ അനുവദിക്കുകയും പ്രസ്തുത തുക പ്രയോജനപ്പെടുത്തി വാണിമേൽപുഴയെ സംരക്ഷിക്കുന്നതിനും മാലിന്യമുക്ത മാക്കുന്നതിനും ജൈവവൈവിധ്യ സംരക്ഷണത്തിനും ലക്ഷ്യമിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം തുകവകയിരുത്തിയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| | |
|---|---|
| പുഴ സംരക്ഷണസേന രൂപീകരണം | 10000 |
| പഞ്ചായത്ത്തല കർമ്മസമിതി രൂപീകരണം | 10000 |
| പ്രവർത്തനരൂപരേഖ തയ്യാറാക്കൽ | 0 |
| പുഴയിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യൽ | 50000 |
| തീരങ്ങളിൽ വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ | 150000 |
| മാലിന്യ മുക്ത വാണിമേൽ പുഴ സംരക്ഷണം. | 10000 |

| | |
|---|---|
| വൃക്ഷത്തൈ പരിപാലനം | 140000 |
| പ്രവർത്തന ചെലവ് | 50000 |
| ആകെ | 420000 |

മേൽ പ്രോജക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഒന്നും സാമ്പത്തിക വർഷം നടപ്പാക്കിയിട്ടില്ല.പ്രോജക്ടിൽ ഉൾപ്പെടാത്ത ഇനമായ പുഴകൾക്ക് തടയണ നിർമ്മിക്കുന്നതിനായി മണൽചാക്കുകൾ വാങ്ങുന്നതിനായി ഭരണസമിതി തീരുമാനപ്രകാരം 23/19 (30-1-19) പ്രകാരം കൊട്ടേഷൻ ക്ഷണിച്ച മടവൂർ പ്ലാസ്റ്റിക് ബാഗ് യൂണിറ്റ് മടവൂർ എന്ന സ്ഥാപനത്തിൽ നിന്നും ചാക്കൊന്നിന് 6.50 രൂപ പ്രകാരം 6000 മണൽ ചാക്കുകൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ പ്രകാരം 38940 സ്ഥാപനത്തിന് നൽകിയിട്ടുണ്ട് ചാക്കുകൾ പിന്നീട് വിനിയോഗിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പ്രോജക്ട് നിലവിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി നടപ്പാക്കിയതും കാണുന്നില്ല . സെക്രട്ടറി മുഖേനനടപ്പാക്കിയ മേൽ പ്രോജക്ട് പാതി വഴിയിൽ ഉപേക്ഷിക്കാൻ ഉണ്ടായ കാരണം വിശദമാക്കേണ്ടതും 38940 രൂപ ചെലവഴിച്ച് വാങ്ങിയ 6000 മണൽ ചാക്കുകളുടെ വിനിയോഗവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 38940 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-25 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക ചെലവഴിച്ചു-മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ജനങ്ങൾക്ക് ഭീഷണിയായതും അപകടാവസ്ഥയിലുള്ളതുമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഭരണസമിതി തീരുമാനപ്രകാരം തുകചെലവഴിച്ചിട്ടുണ്ട് എന്നാൽ മുറിച്ചുമാറ്റപ്പെട്ട മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല വിശദവിരം താഴെ ക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ തിയ്യതി | ചെലവഴിച്ചതുക | റിമാർക്ക്സ് |
|---|---|---|
| 21800485/19-9-18 | 10000 | അടുപ്പിൽ കോളനിയിൽ അപകടാവസ്ഥയിലുള്ള തെങ്ങ് പ്ലാവ് മുതലായ മരങ്ങൾ മുറിച്ചു മാറ്റിയതിന് വാർഡ് മെമ്പർ കെ.ടി.ബാബു വിന് അനുവദിച്ച തുക |
| 21800850/30-1-2019 | 9000 | വാണിമേൽപ്പുഴയിൽ ഒഴുകിവന്ന മരം ജനങ്ങൾക്ക് ഭീഷണിയായതിനാൽ മുറിച്ചുമാറ്റി കൊണ്ട് പോയതിന് ലോഡിങ് വണ്ടിക്കൂലി ഉൾപ്പെടെ ഉസ്മാൻ കുനിയിൽ എന്നയാൾക്ക് അനുവദിച്ച തുക. |
| ആകെ | 19000 | |

മുറിച്ചുമാറ്റിയ മരങ്ങളുടെ വിനിയോഗവിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-26 മാവേലിസ്റ്റോർ വാടകനൽകിയതിന്റെ വിശദവിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വിലങ്ങാട് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകഇനത്തിൽ സാമ്പത്തികവർഷം പഞ്ചായത്തിൽ നിന്നും സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉടമ ശ്രീ.വെട്ടുകാട്ടിൽ ജോർജ് കുട്ടി എന്നവർക്ക് താഴെചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| 21800429/12-9-18 | 40000 | 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ളവാടക പ്രതിമാസം 5000രൂപ നിരക്കിൽ. |
| 21800647/29-11-18 | 20000 | 2018 ജൂലൈ മുതൽ 2018 ഒക്ടോബർ വരെയുള്ളവാടക. |
| ആകെ | 60000 | |

15-7-2006 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ 15289/K1/05 തി.15/7/2006 പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ രണ്ട് വർഷത്തെ വാടക അവയുടെ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോർ ആണെങ്കിൽ സാ.ഉ.(സാധ) നമ്പർ 386/19 ത.സ്വ.ഭ.വ.തി 22.2.19 പ്രകാരം 5 വർഷം വരെ അനുയോജ്യമായ കെട്ടിടം വാടകരഹിതമായി പഞ്ചായത്തിന് അനുവദിക്കാവുന്നതാണ്.എന്നാൽ മാവേലി സ്റ്റോർ ഏത് വർഷമാണ് ആരംഭിച്ചത്, എത്രാമത്തെ മാവേലി സ്റ്റോറാണ് എന്നതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ 11ാം വാർഡിൽ 349,350,351 എന്നീ പീടികമുറികൾക്കുള്ള വാടക ഇനത്തിലാണ് പ്രതിമാസം 5000 രൂപ പ്രകാരം കടഉടമക്ക് അനുവദിച്ചുവരുന്നത്. എന്നാൽ മാവേലിസ്റ്റോറിന് സിവിൽ സപ്ലയിസ് കോർപ്പറേഷൻ/PWD നിജപ്പെടുത്തിയ നിരക്ക് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ടരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും മാവേലിസ്റ്റോറിന് നിലവിൽ പഞ്ചായത്തിൽനിന്നും വാടക അനുവദിക്കാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവുതുക 60000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-27 ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും യാത്രാബത്ത അനുവദിക്കുന്നതിൽ അപാകത

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷം ജീവനക്കാരുടെയും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, മെമ്പർമാർ ഉൾപ്പെടെയുള്ള ജനപ്രതി നിധികളുടെയും

യാത്രാബത്ത ഇനത്തിൽ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | ഇനം |
|---|---|---|
| 21800333 /13.8.18 | 19584 | പ്രസിഡണ്ട് ഒ.സി ജയന്റെ 2016 ഒക്ടോബർ മുതൽ 2017 ഡിസംബർ വരെയുള്ള യാത്രാബത്ത |
| 21800334/13.8.18 | 4112 | വൈസ് പ്രസിഡണ്ട് കെ.സി നസീറയുടെ 2017 ഫെബ്രുവരി മുതൽ 2017 ഡിസംബർ വരെയുള്ള യാത്രാബത്ത |
| 21800336/13.8.18 | 41604 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാരുടെ ആഗസ്റ്റ് 2016 മുതൽ 2017 ഡിസംബർ വരെയുള്ള യാത്രാബത്ത |
| 21800568/24.10.18 | 76956 | ജീവനക്കാരുടെ 1/17 മുതൽ 10/17 വരെയുള്ള യാത്രാബത്ത |
| ആകെ | 142256 | |

യാത്രാബത്ത ബില്ലുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ജീവനക്കാർക്ക് യാത്രാബത്ത ക്ലയിം സമർപ്പിക്കാതെ യാത്രാബത്ത അനുവദിച്ചു.-

(K.F.C Article53 (b)(6) പ്രകാരം യാത്രാബത്തക്ക് അർഹമായ തിയ്യതി മുതൽയാത്രനടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തിയ്യതി മുതൽ ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം ചെയ്തിരിക്കണം. യാത്രാബത്ത ക്ലയിം അവകാശപ്പെട്ടിരിക്കണം എന്നാൽ ജീവനക്കരാരും തന്നെ യത്രാക്ലയിം സമർപ്പിച്ചിട്ടില്ല. 24.7.18 ൽ കൂടിയ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2) ജനപ്രതിനിധികളുടെ യാത്രാബത്ത ക്ലയിം നിശ്ചിത സമയപരിധിക്കകം സമർപ്പിക്കാത്തതും മറ്റ് അപാകതകളും.

ജനപ്രതിനിധികളുടെ യാത്രാക്ലയിം പരിശോധിച്ചതിൽ ഭൂരിഭാഗം പേരും യാത്രാക്ലയിം സമർപ്പിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കകം ആയത് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തിയ്യതി രേഖപ്പെടുത്തിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ അഷറഫ് കൊറ്റാലയുടെ യാത്രാഡയറി പരിശോധിച്ചതിൽ 8/16, 9/16, 10/16 മാസങ്ങളിൽ നടത്തിയ യാത്രയുടെ ക്ലയിം സമർപ്പിക്കപ്പെട്ടിരിക്കുന്നത് നിശ്ചിത സമയപരിധിയായ ഒരു വർഷം കഴിഞ്ഞ് 14-6-18 നാണ്. ടിയാൾക്കും മേൽ യാത്രാഡയറിയുടെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ 5768 രൂപ (8/16 2056, 9/16 - 2056, 10/16-1656) യാത്രാബത്ത ഇനത്തിൽ ശ്രീ അഷറഫ് കൊറ്റാലക്ക് അനുവദിച്ചിട്ടുണ്ട്.

3) യാത്രാഡയറിയിൽ ബസ് യാത്രാനിരക്ക് അവകാശപ്പെട്ടവർക്കും ട്രയിൻ യാത്രാനിരക്ക് അനുവദിച്ചു.

ജനപ്രതിനിധികളുടെ യാത്രാഡയറി പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി കോഴിക്കോട്ടേക്കുള്ള യാത്രക്ക് യാത്രാമാർഗമായി ബസ് യാത്ര അവകാശപ്പെട്ടവർക്കും ട്രയിൻ യാത്രക്കുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്. ഇങ്ങനെ അനുവദിച്ചതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| യാത്രചെയ്ത ആളുടെ പേര്/ തിയ്യതി | യാത്രാ ഉദ്ദേശം | യാത്രാ ഡയറി പ്രകാരം അവകാശപ്പെട്ട യാത്രാമാർഗം | അനുവദിച്ചിരിക്കുന്ന യാത്രാമാർഗം/തുക |
|---|---|---|---|
| ജമീല മെമ്പർ – 23.10.17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ-1206 |
| വി.കെ സാബിറ ടീച്ചർ , മെമ്പർ. 23.10.17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ -1206 |
| മുനീറ കരിയാട്ട് മെമ്പർ. 23.10.17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ -1206 |
| നസീറ കെ.പി വൈസ് പ്രസിഡണ്ട്.23.10.17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ -1656 |
| മജീദ് എം കെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ. 17-8-17 | D.P.C.മീറ്റിംഗ് | ബസ് | ട്രയിൻ. 1656 |
| ഒ.സി ജയൻ പ്രസിഡണ്ട് 29/8/17 | കോഴിക്കോട് | ബസ് | ട്രയിൻ -1656 |
| ദേവി എൻ പി സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ-19-5-17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ -1656 |
| ഒ.സി ജയൻ പ്രസിഡണ്ട് 29/8/17 | കോഴിക്കോട് കലക്ടറേറ്റ് | ബസ് | ട്രയിൻ -1656 |

മേൽ ജനപ്രതിനിധികളിൽ നിന്നും യാത്രാ ഡയറി പ്രകാരം ആവശ്യപ്പെട്ട ബസ് യാത്രാനിരക്കുകഴിച്ച് അധികം അനുവദിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

4)യാത്രാഡയറിയിൽ യാത്രചെയ്ത വിധം രേഖപ്പെടുത്തുന്നില്ല-

ജനപ്രതിനിധികളുടെ യാത്രാഡയറിയിൽ ഭൂരിഭാഗവും യാത്രചെയ്ത വിധം ബസ്/ട്രയിൻ/ ഔദ്യോഗിക വാഹനം ഇവയിൽ ഏതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ യാത്രാഡയറി സമർപ്പിച്ചവർക്കെല്ലാം തന്നെ ട്രയിൻ യാത്രാനിരക്കാണ് അനുവദിച്ചിരിക്കുന്നത്. കൃത്യമായ യാത്രാമാർഗം രേഖപ്പെടുത്താതെ യാത്രാക്ലയിം സമർപ്പിച്ചവർക്ക് ട്രയിൻ യാത്രാ നിരക്ക്

അനുവദിച്ചതിന് കാരണം വിശദമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-28 പട്ടികവർഗ യുവജനഗ്രൂപ്പിന് പരമ്പരാഗത കലാവാദ്യ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നടത്തിപ്പിൽ അപാകത

പ്രോജക്ട് നമ്പർ- 4/19

വകയിരുത്തിയ തുക- 105000

ചെലവ് തുക- 105000 (ബിൽ നമ്പർ-10/18/19 തി 20-2-2019)

നിർവഹണം. അസി.സെക്രട്ടറി

പഞ്ചായത്ത് പരിധിയിലുള്ള അട്ടപ്പിൽ കോളനിയിൽ നിലവിൽ കലാസമിതി/ക്ലബ് രൂപീകരിച്ച് പ്രവർത്തിക്കുന്ന കളേർസ് ആർട്സ് ക്ലബിലെ യുവതിയുവാക്കളുടെ 15 അംഗ ടീമിന് പരമ്പരാഗത വാദ്യോപകരണങ്ങൾ വാങ്ങി പരിശീലനം നൽകി പ്രൊഫഷണൽ നിലവാരത്തിലെത്തിച്ച് സ്റ്റേജ് പ്രോഗ്രാം നടത്തുന്ന വിധത്തിൽ സജ്ജമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ആയത് പ്രകാരം പരമ്പരാഗത പണിയ വാദ്യോപകരണങ്ങൾ എക്സാറ്റ് ഡിസ്റ്റിബ്യൂട്ടേർസ് ചുണ്ടേൽ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങി മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ചെണ്ട-2, തുടി-7, കുഴൽ-5, മുറം2, മണി100, ചുവന്നപട്ട് 40 മീറ്റർ എന്നിങ്ങനെയാണ് സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നത് ആയതിന്റെ ക്യാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ കളേർസ് ആർട്സ് ക്ലബിലെ 15 അംഗങ്ങളെ ഉപകരണങ്ങൾ കൈപ്പറ്റുന്നതിനായി ക്ലബ് സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കളേർസ് ക്ലബിലെ അംഗങ്ങളെ പ്രൊജക്ടിന്റെ ഗുണഭോക്താക്കളായി ബന്ധപ്പെട്ട ഊരുകൂട്ടം അംഗീകരിച്ചതായി ഊരുകൂട്ടം മിനുട്സ് പരിശോധിച്ചതിൽ കാണുന്നില്ല. പ്രസ്തുത ഗ്രൂപ്പിനെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. സ.ഉ.എം.എസ് നമ്പർ 11/18 ഖണ്ഡിക7.2.15 പ്രകാരം പട്ടികജാതി/ പട്ടിക വർഗയുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങിനൽകുന്നതിനാണ് തുക ചെലവഴിക്കാൻ അനുവാദമുള്ളത് എന്നാൽ വാദ്യാപകരണങ്ങൾക്ക് ഇവിടെ മുറം, മണി, ചുവന്ന പട്ട് എന്നിവയ്ക്കും തുക ചെലവഴിച്ചിരിക്കുന്നു. ആനുകൂല്യത്തിനായി തുക ചെലവഴിച്ചിരിക്കുന്ന ഗ്രൂപ്പിന് മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമല്ല. (മേൽ സർക്കാർ ഉത്തരവു പ്രകാരം നിലവിൽ ആനുകൂല്യം ലഭിച്ചവർക്ക് 3 വർഷങ്ങൾക്ക് ശേഷം മാത്രമേ ഈആനുകൂല്യം നൽകാൻ പാടുള്ളൂ). അപാകതകൾക്ക് മറുപടിലഭ്യമാക്കേണ്ടതാണ്. ചെലവുതുക 105000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-29 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിൽ അവ്യക്തത

കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 172 ടാപ്പുകൾക്കായി പ്രതിമാസം 75250 രൂപയാണ് പഞ്ചായത്ത് അടവാക്കി വരുന്നത് .ഈ ഇനത്തിൽ സാമ്പത്തിക വർഷം ആകെ 903000(172x5250) രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സ്ഥാപിച്ചിരിക്കുന്ന സ്ഥലം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ പഞ്ചായത്തിൽ സൂക്ഷിച്ചില്ല. 18/10/2016ൽ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി അസിസ്റ്റൻറ് എൻജിനീയറോട് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി 6-11-2019ൽ A2/5576/2019 പ്രകാരം ലഭിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് പരിധിയിൽ 128 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് നൽകിയിട്ടുണ്ട് എന്നാൽ നിലവിലും 172 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് തുക അടവാക്കി കൊണ്ടിരിക്കുന്നത്. 128 ടാപ്പുകൾ പ്രതിമാസം 56000 രൂപ അടവാക്കേണ്ട സ്ഥാനത്ത് 75250 രൂപയാണ് ആടവാക്കി വരുന്നത് പ്രതിമാസം ഈ ഇനത്തിൽ പഞ്ചായത്തിന് 19250 രൂപ അധികചെലവ് ഉണ്ടാവുന്നു. 25/1/2020 ൽ കൂടിയ ഭരണസമിതിയുടെ 10/20/2020 നമ്പർ തീരുമാനപ്രകാരം പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ നിലവിൽ 128 ടാപ്പുകൾ ഉണ്ടെന്നും എന്നാൽ പരിശോധനക്ക് ശേഷവും എത്ര പൊതുടാപ്പുകൾ നിലവിൽ ഉപയോഗത്തിൽ ഉണ്ടെന്നത് സംബന്ധിച്ചോ എത്ര ഗുണഭോക്താക്കൾ പൊതുടാപ്പുകൾ ആശ്രയിക്കുന്നു എന്നതിനെക്കുറിച്ചോ കൃത്യമായവിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലെന്നും ആയതിനാൽ ഉപയോഗത്തിലില്ലാത്തതും ഗുണഭോക്താക്കൾ ആശ്രയിക്കാത്തതുമായ പൊതുടാപ്പുകളുടെ വിവരങ്ങൾ വാർഡ് മെമ്പർമാർ മുഖേനശേഖരിച്ച് ഉപയോഗ്യശൂന്യമായവ ഒഴിവാക്കുന്നതും ആയത് ബിൽ തുകയിൽ ക്രമീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിൽ കൈക്കൊണ്ട തുടർ നടപടിവിവരം വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ വരുന്ന അധികചെലവ് സംബന്ധിച്ച് ചർച്ചകളൊന്നും നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ച് 11 മാസം കഴിഞ്ഞിട്ടും 128 ടാപ്പുകൾക്ക് പകരം 172 ടാപ്പുകൾക്ക് വാട്ടർ ചാർജ് അടവാക്കുന്നതിന്റെ കാരണം വിശദമാക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ് കുറവ് വരുത്താൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-30 S.T വനിതകൾക്ക് സ്വയംതൊഴിൽ ഓട്ടോറിക്ഷ വാങ്ങുന്നതിൽ ധനസഹായം

# അനുവദിച്ചതിൽ അപാകത.

പ്രൊജക്ട് നമ്പർ- 6/19

വകയിരുത്തിയ തുക - 400000

ചെലവുതുക 140000 (ബിൽ നമ്പർ 3/18-19 തി 13- 11-18 & 6/18-19 തി 13-11-18)

നിർവഹണം - അസി.സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം രണ്ട് എസ്.ടി വനിതകൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസാഹായമിനത്തിൽ മേൽ ബിൽ പ്രകാരം 140000 രൂപ പിൻവലിച്ച് വാഹനത്തിന് വായ്പ അനുവദിക്കുന്ന കേരളാ ഗ്രാമീണ ബാങ്കിന്റെ വിലങ്ങാട് ബ്രാഞ്ചിന്റെ 40210101305014 നമ്പർ എക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ ഫയലുകളു പരിശോധിച്ചതിൽ താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1) ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള കേരള ഗ്രാമീണ ബാങ്കിന്റെ സമ്മതപത്രം.

2)ഗുണഭോക്താക്കൾ വാങ്ങിയ ഓട്ടോറിക്ഷയുടെ സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷന്റെ കോപ്പികൾ.

3)ഗുണഭോക്താക്കളിൽ ഒരാളായ സവിത പാലുമ്മൽ, പന്നിയേരി കോളനി എന്നവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവുതുക 140000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-31 ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 2018-19 വർഷത്തിൽ 3ാം ഗഡു ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4ാം ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 4 ഗഡുക്കൾ പ്രൊവിഡന്റ്

ഫണ്ടിലായും പണമായും ലഭിച്ചവരുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-32 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷം വരെ 4027 കുടുംബങ്ങളിൽ നിന്നായി 5811 പേർക്ക് തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 2064 കുടുംബങ്ങളിൽ നിന്നായി 2372 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 266 പ്രവൃത്തികൾക്കായി 67778000 രൂപ വകയിരുത്തയതിൽ 129 പ്രവൃത്തികളിലായി 33488715 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ 123222 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 33393160 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 468 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. 2018-19 വർഷം 36 മെറ്റീരിയൽ പ്രവൃത്തികൾക്കായി 14825500 രൂപ ആക്ഷൻപ്ലാൻ പ്രകാരം വകയിരുത്തിയിരുന്നെങ്കിലും ഒറ്റ പ്രവൃത്തികളും സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. കൂടാതെ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും മുഴുവൻ വാർഡുകളിലും നടപ്പാക്കാനുദ്ദേശിച്ചതുമായ പുഴസൈഡിൽ/തോട് സൈഡിൽ കയർ ഭൂവസ്ത്രം, ജൈവപച്ചക്കറി കൃഷിക്ക് കാർഷിക നേഴ്സറി, മൃഗ സംരക്ഷണ മേഖലയിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ വളർത്തുമൃഗങ്ങളുടെ ആവാസത്തിന് ആവശ്യമായ അടിസ്ഥാന വികസനം മുതലായ പ്രവൃത്തികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പദ്ധതിക്കായുള്ള സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 34705950 രൂപയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല. വിവിധ പ്രവൃത്തികളുടെ ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) വിവിധ പ്രവൃത്തികളുടെ സൈറ്റ് ഡയറി പരിശോധിച്ചതിൽ സൈറ്റ് ഡയറികളിൽ ചിലതിൽ താഴെപ്പറയുന്ന ഭാഗങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

എ. പ്രവൃത്തി സ്ഥലത്ത് ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ വിവരം

ബി. പ്രവൃത്തിക്കായി വിനിയോഗിച്ച തൊഴിലുപകരണങ്ങളുടെ എണ്ണം, വാടക എന്നിവ സംബന്ധിച്ച വിവരം.

സി. വിജിലൻസ് & മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട്.

സി. സന്ദർശക കുറിപ്പ്.

2) എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തികൾക്കെല്ലാം തന്നെ സൈറ്റ് ബോർഡിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, പ്രവൃത്തികൾക്ക് സൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചുകാണുന്നില്ല.

3) 2005 ലെ തൊഴിലുറപ്പുനിയമം വകുപ്പ് 17(1) പ്രകാരം പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയതിന്റെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകണം ലഭ്യമാക്കേണ്ടതാണ്.

# 1-33 ഇതര സംസ്ഥാന തൊഴിലാളികൾക്ക് പരിശോധനാക്യാമ്പ്

പഞ്ചായത്തിലെ ഇതര സംസ്ഥാന തൊഴിലാളികളിൽ ആരോഗ്യ പരിശോധന നടത്തി അവർക്കിടയിലെ രോഗങ്ങൾ കണ്ട് പിടിച്ച് ചികിത്സിക്കുന്നതിനും, അവർക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുമാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ട് നം. | 44/ 19 |
| അടങ്കൽ | 10000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 10000/- |
| ബിൽ നം. തി. | 11/18-19 /25.01.2019 |

സ.ഉ.(കൈ) നം.11/2018/തസ്വഭവ/തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വികസന ഫണ്ട് ഉപയോഗിച്ച് ഇത്തരം പദ്ധതികളേറ്റെടുക്കുന്നതിന് അനുവാദമില്ല. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പദ്ധതികളേറ്റെടുക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ഇത്പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/18-19/19.10.20) മറുപടി നൽകിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്. ഇതിനായി ചെലവഴിച്ച 10000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-34 ആദിവാസി വിദ്യാഭ്യാസ അതിജീവന പദ്ധതി നടപ്പാക്കിയില്ല

പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി ആസൂത്രണം ചെയ്ത പദ്ധതി നടപ്പാക്കിയില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം. | 142/ 19 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസനഫണ്ട് .ടി.എസ്.പി |

വിവിധ പട്ടികജാതി ഊരുകൂട്ടങ്ങളിൽ നിന്നും ഉയർന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതി ആസൂത്രണം ചെയ്തത്. എന്നാൽ ഈ പദ്ധതി നിർവ്വഹണം നടത്തിയില്ല. സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിന് വകയിരുത്തിയ തുക പാഴായി. ഫണ്ട് വിനിയോഗത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/18-19/19.10.20) മറുപടി നൽകിയിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ചർച്ച നടന്നതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-35 കിണർ റീചാർജ് - അപാകതകൾ

കിണർ റീചാർജിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 64/ 19 |
| അടങ്കൽ | 184800/- |
| ഫണ്ട് | വികസന ഫണ്ട്, ഗു.വിഹിതം |
| ചെലവ് | 42000/- |
| ബിൽ നം. തി. | 19/18-19 /05.01.2019 |

നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി വിഹിതത്തിൽ നിന്നും ആകെ 42000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 38000/- രൂപയുടെ ബിൽ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ ബാക്കിവരുന്ന 4000/- രൂപയുടെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല
2. സ.ഉ.(കൈ) നം.22/2018/തസ്വഭവ. തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6.5.3 ൽ ഈ പദ്ധതിയ്ക്ക് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 90 ശതമാനം സബ്സിഡിയും, 10 ശതമാനം ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. എ.ഇ. യുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടതെന്ന പ്രോജക്ട് നിർദ്ദേശം പാലിച്ചതായി കാണുന്നില്ല
4. ഗുണഭോക്താക്കളുടെ അപേക്ഷ, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/18-19/ 19.10.20) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 42000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-36 കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി വികസനം കൂലിച്ചെലവ് സബ്സിഡിയും, പവർ സ്പ്രേയർ വിതരണവും-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയും പവർസ്പ്രേയർ വാങ്ങി നൽകുന്നതിനുമുള്ള പദ്ധതിയാണിത്. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 58/ 19 |
| അടങ്കൽ | 33400/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 31400/- |
| ബിൽ നം. തി. | 20/18-19 /12.01.2019 |

നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.22/2018/തസ്വഭവ.തി. 14.02.2018 ഖ. 6.1.8 പ്രകാരം രജിസ്റ്റർ ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്കാണ് ആനുകൂല്യം നൽകേണ്ടത്, തദ്ദേശ ഭരണ സ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങേണ്ടത്. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കുകയുള്ളൂ എന്നുമുള്ള വ്യവസ്ഥകൾ സൂചിപ്പിച്ച് കൊണ്ട് കൃഷി ഓഫീസർ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരം വ്യവസ്ഥകൾ പാലിക്കാതെയാണ് രണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് പവർസ്പ്രേയർ വാങ്ങി നൽകിയത്

2. 90 ശതമാനം സബ്സിഡിയും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ് പദ്ധതിക്കായി ചെലവഴിക്കേണ്ടത് എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് 10 ശതമാനം ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ നാല് കുടുംബശ്രീ യൂണിറ്റുകൾക്ക് 4500/- രൂപ വീതം നൽകിയിട്ടുണ്ട്. കൃഷിചെയ്ത ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായാണ് തുക നൽകേണ്ടത്. എന്നാൽ ഇത് തെളിയിക്കുന്നതിനാവശ്യമായ നികുതി ശീട്ട്, യൂണിറ്റുകളുടെ അപേക്ഷ, കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/18-19/ 19.10.20) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 31400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-37 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2018 – 19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പട്ട് 12.02.2018 കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ഇതിന് ശേഷം കമ്മറ്റി യോഗം ചേർന്നിട്ടില്ല. കമ്മിറ്റിയിൽ മേൽ സൂചിപ്പിച്ച ചുമതലകൾ നിറവേറ്റുന്ന തരത്തിലുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല.

2. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്.സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ് ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത് എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, ഇതിലെ വിവരങ്ങൾകാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. ഓഡിറ്റ് വർഷത്തെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായി കാണുന്നില്ല.

3. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുക,സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക,വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക ക്രോഡീകരിക്കുക അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ.ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷം യോഗം ചേർന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗം ചേർന്ന തിയ്യതി | റിമാർക്സ് |
|---|---|---|
| കൃഷി | 18.03.2018 | സാമ്പത്തിക വർഷം പിന്നീട് യോഗം ചേർന്നില്ല. മിനട്സ് എഴുതി പൂർത്തിയാക്കിയിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| ദാരിദ്ര്യ ലഘൂകരണം | 06.03.2018 | സാമ്പത്തിക വർഷം പിന്നീട് യോഗം ചേർന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 17.03.2018 | ടി |
| മൃഗസംരക്ഷണം ക്ഷീര വികസനം | 17.03.2018 | ടി |
| ആരോഗ്യം | 17.03.2018 | ടി |
| പട്ടികജാതി വികസനം | 17.03.2018 | ടി |
| വിദ്യാഭ്യാസം, സംസ്കാരം, കല | 17.03.2018 | ടി |

4. നിർവ്വഹണം സമയബന്ധിതമായി നടക്കുന്നില്ല

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനം അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. തുടർന്ന് എല്ലാ പ്രൊജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്. 2018 –19 സാമ്പത്തിക വർഷം സ്പിൽ ഓവർ ഇനത്തിൽ 68 പദ്ധതികൾ ഉണ്ടായിരുന്നു എന്നത് ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല എന്നതാണ് കാണിക്കുന്നത്.

5. മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.

പദ്ധതി ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട് 2018-19 വർഷം പ്രോജക്ട് നമ്പർ 29/2018-19 ൽ ഉൾപ്പെടുത്തി 223160/-രൂപ ചെലവഴിച്ചെങ്കിലും മോണിറ്ററിങ്ങിനായി തുക ചെലവഴിച്ചതായി കാണുന്നില്ല. ഒരോ പദ്ധതിയുടെയും ഫയലിന്റെ കൂടെ വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

6. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും, പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസന കാര്യ സ്റ്റൻന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വിസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളൊ, പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്. ആസൂത്രണ പ്രവർത്തനങ്ങളെ ജനോപകാരപ്രദമാക്കി മാറ്റുന്നതിനം, ലക്ഷ്യബോധത്തോടെ പദ്ധതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനം വേണ്ടി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താതിരിക്കുകയും, അത് വഴി ആസൂത്രണ പ്രവർത്തനങ്ങൾ ദുർബലപ്പെട്ട് പോകാനും സാധ്യതയുണ്ട്.

ഇത് തിരിച്ചറിഞ്ഞ് ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/18-19/21.10.20) മറുപടി നൽകിയിട്ടില്ല. ആസൂത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി

സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്താനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-38 പി.എച്ച്.സി.യിലേക്ക് ഉപകരണങ്ങളും ഫർണ്ണീച്ചറുകളും വാങ്ങൽ പ്രോജക്ടിലെ വ്യവസ്ഥകൾ പാലിച്ചില്ല

പി.എച്ച്.സി. യിലേക്ക് കമ്പ്യൂട്ടർ, പ്രൊജക്ടർ, മേശ, കസേര എന്നിവ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നം. | 45/ 19 |
| അടങ്കൽ | 150000/- |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 150000/- |
| ബിൽ നം. തി. | 09/18-19 /11.01.2019 |

പ്രോജക്ടിൽ പൊതുമാർക്കറ്റിൽ നിന്നും ടെണ്ടർ നടപടികളിലൂടെ സാധനങ്ങൾ വാങ്ങണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്പ്രകാരം 24.07.2018 ന് പത്രപ്പരസ്യം നൽകി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ടേബിൾ, കമ്പ്യൂട്ടർ ചെയർ, എക്സിക്യൂട്ടീവ് ഹൈബാക്ക് റിവോൽവിംഗ് ചെയർ എന്നിവ വാങ്ങിയത് ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത സിഡ്കോയിൽ നിന്ന് നേരിട്ടാണ്. പ്രോജക്ട് നിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടറിലൂടെയല്ലാതെ സാധനങ്ങൾ വാങ്ങിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/18-19/19.10.20) മറുപടി നൽകിയിട്ടില്ല. സാധനങ്ങൾ വാങ്ങാൻ ചെലവഴിച്ച 150000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-39 പി.എം.എ.വൈ അധികവിഹിതം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ പി.എം.എ.വൈ പദ്ധതിയിലെ അഞ്ച് ഗുണഭോക്താക്കളുടെ വിഹിതം ളുണേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്ട് നം. | 37/ 19 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസന ഫണ്ട് |
| | |

| | |
|---|---|
| ചെലവ് | 100000/- |
| ബിൽ നം. തി. | 13/18-19 /4.11.2018 |

വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/18-19/19.10.20) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

# 1-40 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട – തുക പാഴാക്കി

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട തുടങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്റ്റ് നം. | 39/ 19 |
| അടങ്കൽ | 120000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 60000/- |
| ബിൽ നം. തി. | 16/18-19 /30.03.2019 |

നാല് ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ 10 പേർ ഉണ്ടായിട്ടും രണ്ട് പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നത് 5/2018 ലാണ് എന്നാൽ അന്തിമ പട്ടിക ഭരണ സമിതി അംഗീകരിച്ചത് 16.02.2019 നാണ്. നടപടി ക്രമങ്ങളിലെ കാലതാമസം കാരണം രണ്ട് ഭിന്നശേഷിക്കാരുടെ അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെട്ടു. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/18-19/ 19.10.20) മറുപടി നൽകിയിട്ടില്ല. തുക ചെലവഴിക്കാത്തത് സംബന്ധിച്ച് ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിലോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ചർച്ച നടന്നതായി കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

# 1-41 സാധനങ്ങളും സേവനങ്ങളും വാങ്ങിയത്- പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും ഉൾപ്പെടെയുള്ള വാങ്ങലുകൾ ജി.ഒ(പി) നം. 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക

സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു സമഗ്രവീക്ഷണം ഉറപ്പു വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത്. ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. (സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കും വിധം വാർഷിക പദ്ധതിക്ക് DPC അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം DPC അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്)
2. പ്രൊക്വർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി,വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)
3. പ്രൊക്വർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്വർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.
4. പ്രൊക്വർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച്, ഓർഡർ നല്കി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്
5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും, വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങളിൽ ഒന്നും പോലും വാങ്ങൽ പ്രക്രിയയിൽ സ്ഥാപനം പാലിച്ചിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ട വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്വർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മാന്വലിന്റെ അന്തസത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.ഇത് ചില പ്രൊജക്ടുകളുടെ കാര്യത്തിൽ താഴെ കൊടുത്ത അപാകതകൾക്കിടയാക്കി

| ക്രമ | നിർവ്വഹണ | പ്രൊജക്ട് | വാങ്ങിയ | നല്കിയ | വാങ്ങിയ | അപാകത |
|---|---|---|---|---|---|---|

| നം | ഉദ്യോഗസ്ഥൻ | | ഉപകരണം/ സേവനം, എണ്ണം | തുക | സ്ഥാപനം | |
|---|---|---|---|---|---|---|
| 1 | വിഇ ഒ | 59/19 | വി.ഇ.ഒ. ഓഫീസിലേക്ക് കമ്പ്യൂട്ടർ (acer laptop) | 38500/- | Bizare power solutions kozhikode | ഒന്നിച്ച് വാങ്ങിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വിലക്കുറവ് പ്രയോജനപ്പെടുത്തിയില്ല. 4000/- രൂപയുടെ നഷ്ടം സംഭവിച്ചു |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 151/19 | എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ (acer laptop) | 34500/- | Do | |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 45/19 | പി.എച്ച്.സി. യിലേക്ക് കമ്പ്യൂട്ടർ (acer desktop) | 28100/- | Do | ഒന്നിച്ച് വാങ്ങിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വിലക്കുറവ് പ്രയോജനപ്പെടുത്തിയില്ല. 20000/- രൂപയുടെ നഷ്ടം സംഭവിച്ചു |
| 4 | കൃഷി ഓഫീസർ | 72/19 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ (acer desktop) | 48500/- | Do | |

സമാന സ്വഭാവമുള്ള സാധനങ്ങൾ വ്യത്യസ്ത നടപടികളിലൂടെ വാങ്ങുന്നതുൾപ്പടെയുള്ള അപാകതകൾ കാണുന്നു.പരമപ്രധാനമായ സുതാര്യതയും, സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ, പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും തന്നെ പരിശോധിച്ചിട്ടില്ല എന്ന വീഴ്ചയും ഇവിടെ സംഭവിച്ചിട്ടുണ്ട്.

3)ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ-സെൻട്രലൈസ്ഡ് പ്രൊക്യർമെന്റ് പോർട്ടലിലൂടെയല്ല ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്യർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017ലെ എം എസ് നം 24/2017/ITDനമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ കുറക്കുക, ഒന്നിച്ചു വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമാകു, ഇത് പ്രൊക്യർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കേണ്ടതാണ്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/18-19/20.10.20) മറുപടി നൽകിയിട്ടില്ല. വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-42 വൃദ്ധർക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള തെരഞ്ഞെടുക്കപ്പെട്ട 127 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം. | 19/ 19 |
| അടങ്കൽ | 520950/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 437388/- |
| ബിൽ നം. തി. | 23/18-19 /05.01.2019 |

നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ജാനു ബാലൻ. കെട്ടിനുള്ളിൽ (വാർഡ്.6) മാണി, കോരമ്മൻ ചുരത്തിൽ (വാർഡ്.13) എന്നിവർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.
2. കിടപ്പുരോഗികളായ പൊക്കൻ, ചെറിയപറമ്പത്ത്, കണ്ണൻ, പട്ടുവാഴയിൽ, ബിയ്യാത്തു, മലോംകുന്നത്ത്, പാത്തുമേപ്പാറ, മാതു, പൂവ്വുള്ളതിൽ, ചീരു മുക്കം കണ്ടിയിൽ എന്നിവർ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇവരുടെ പേരുകൾ ഗ്രാമ സഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
3. പദ്ധതി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/18-19/19.10.20) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ചർച്ച ചെയ്തതായി കാണുന്നില്ല. അപാകതകൾ കാരണം ഈയിനത്തിൽ ചെലവഴിച്ച 437388/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-43 സർക്കാർ സ്കൂൾ ലൈബ്രറി ശാക്തീകരണം - അപാകതകൾ

സർക്കാർ സ്കൂളുകളുടെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിനൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| | |

| | |
|---|---|
| പ്രോജക്ട് നം. | 43/ 19 |
| അടങ്കൽ | 20000/- |
| ഫണ്ട് | എം.ജി.(എൻ.ആർ) |
| ചെലവ് | 20000/- |
| ബിൽ നം. തി. | 5/18-19 /12.01.2019 |

സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിൽ നിന്ന് പുസ്തകങ്ങൾ വാങ്ങേണ്ടതിന് പകരം, സ്വകാര്യ സ്ഥാപനമായ കറന്റ് ബുക്സ് കോഴിക്കോട് നിന്നും പുസ്തകങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുകയാണ് ചെയ്തത്. പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/18-19/ 19.10.20) മറുപടി നൽകിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 I.S.O 9001-2015സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ.

# പ്രവൃത്തിക്ക് അധിക തുക അനുവദിച്ചു.

വകയിരുത്തിയ തുക- 100000

ചെലവ് തുക – 98988 (ബിൽ നമ്പർ 39/18-19 തിയ്യതി 26-9-18: 40951

41/18-19 തിയ്യതി 28-3-19: 29037,

334/18-19 തിയ്യതി 18-3-19: 29000

ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങൾ ISO നിലവാരം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മേൽ തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. മേൽ പ്രവൃത്തിയുടെ ഭാഗമായി ബിൽ നമ്പർ 39/18-19 തീയതി 26-9-2018 പ്രകാരം പിൻവലിച്ച 40951 രൂപയിൽ 11900 രൂപ പഞ്ചായത്തിലേക്ക് ആവശ്യമായ വിവിധ ബോർഡുകളും സ്റ്റിക്കറുകളും പതിച്ച നൽകിയ വകയിൽ ശ്രീ അബ്ദുൽ ലത്തീഫ് മണ്ടോള്ളതിൽ സൈൻ ആർട്സ് കല്ലാച്ചി എന്ന ആൾക്ക് നൽകാനുള്ളതും 29051 രൂപ ISO ബോക്സ്, ഫയൽ, രജിസ്റ്റർ, A4 പേപ്പർ എന്നിവ വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകാനുള്ളതുമാണ്. എന്നാൽ തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ 29051 രൂപ അബ്ദുൾ ലത്തീഫ് ഫൈനാർട്സ് കല്ലാച്ചി എന്ന ആൾക്കും 11900 രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിനും തെറ്റായാണ് നൽകിയിരിക്കുന്നത് . ഇതുമൂലം ഫൈൻ ആർട്സ് കല്ലാച്ചി എന്ന സ്ഥാപനം 17151 രൂപ അധികമായി കൈപറ്റിയിരിക്കയാണ് ഇത്രയും തുക ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കേണ്ട തുകയിൽ കുറവു വരികയും ഉണ്ടായിട്ടുണ്ട്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ശ്രീ അബ്ദുൾ ലത്തീഫിൽ നിന്നും അധികം അനുവദിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച 17151 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ഗ്രാമലക്ഷ്മി മുദ്രാലയത്തിനു അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.08.2019 മുതൽ 17.08.2019 വരെ | കെ എസ് എ കെ കെ ഡി /ഇ2/887/ 2019(68) തീയതി 20.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | മിൽക്ക് ഇൻസെന്റീവ് | 168248 | 281752 |
| ടി | 2017-18 | 200000 | കിണർ റീചാർജ്ജ് | 0 | 200000 |
| ടി | 2018-19 | 300000 | മിൽക്ക് ഇൻസെന്റീവ് | 300000 | 0 |
| ടി | 2018-19 | 300000 | ലൈഫ് പ്രൊജക്ട് | 296640 | 3360 |
| ടി | 2018-19 | 75000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 120000 | മിൽക്ക് ഇൻസെന്റീവ് | 44164 | 75836 |
| ടി | 2017-18 | 200000 | കിണർ റീചാർജ്ജ് | 30000 | 170000 |
| ടി | 2018-19 | 38020 | ലൈഫ് പ്രൊജക്ട് (SCP) | 0 | 38020 |
| ടി | 2018-19 | 32258 | ലൈഫ് പ്രൊജക്ട് (TSP) | 0 | 32258 |
| ടി | 2018-19 | 694042 | ലൈഫ് പ്രൊജക്ട് (ജനറൽ) | 660000 | 34042 |
| ടി | 2018-19 | 75000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |
| ടി | “ | 12500 | മുട്ടഗ്രാമം | 120000 | 5000 |
| ടി | “ | 337500 | ക്ഷീരഗ്രാമം | 287500 | 50000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നല്കിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8309289/- രൂപ വരവുണ്ട്. മേൽ തുകയിൽ 4640000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ. (സാധാ) നം. 533/2010/ ത.സ്വ.ഭ.വ, 18.12.2010 | 13020000 | 2604000 | 1302000 | 0 | 1302000 |
| ലൈഫ് പദ്ധതി (KURDFC) | GO(MS) 68/2018LSGD തീയതി 18.05.2018 | 8309289 | 0 | 0 | 0 | 8309289 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2003-04 | 11.4.116 | വൈദ്യുതി ചാർജ്ജ് പിഴപ്പലിശ | |
| 1997-98 | | 2003-04 | 11.14.117 | പരിഷത്ത് അടുപ്പ് | |
| 2000-01 | 3 | 2004-05 | 11.1.4.6 118 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2001-02 | 2-4 | 2006-07 | 3.79.1.4.99 | നികുതി കാലഹരണം | |
| 2001-02 | 2-1 | 2006-07 | 3.79.4.7.103 | ക്യാഷ് ബുക്കും മറ്റും എഴുതി സൂക്ഷിക്കുന്നില്ല | |
| 2001-02 | 3-1 | 2006-07 | 3.79.5.6.104 | വാട്ടർച്ചാർജ്ജ് | |
| | | 2011-12 | 3.3.6.121 | അംഗൻ വാടികളുടെ ഭൗതികസാഹചര്യം | |
| | | 2015-16 | 3.6.1.24 | എസ്.സി.എസ്.ടി | |

| | | | | | |
|---|---|---|---|---|---|
| | | | | അടിസ്ഥാന സൗകര്യ വികസനം | |
| | | ടി | 3-7-13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | ടി | |
| 2016-17 | 2-2 | 2017-18 | 1-11-5 | വസ്തുനികുതിയിൽ നഷ്ടം | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | സർ ചാർജ്ജ് സർട്ടി ഫിക്കറ്റ് പ്രകാര മുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാ ന്റിൽ ഉൾപ്പെ ടുത്തി യിട്ടു ണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്ക വറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീ യതി) | കോടതി വ്യവഹാ രങ്ങളിൽ | | ആ കെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാ ധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 96-97 | 22,23, 28,29, 35 | കെ. പദ്മനാഭൻ, ജൂനിയർ സൂപ്രണ്ട് | Lf 8377 spl.cell/ sc4/2000 dtd 31.10.2001 | 5902/- | 70/- 11503101424/ 17.11.15 1500/- 11503101427/ 17.11.15 110/- | ഇല്ല | - | - | 1680/- | - | - | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 11503101428/<br>17.11.15 | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77534371/-<br>(മുന്നിരിപ്പ് 3323957/-രൂപ ഉൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66718486/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17151 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1762861 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-20 | | 17151 | വിനോദ് കൃഷ്ണൻ.കെ (സെക്രട്ടറി) |

| | | | |
|---|---|---|---|
| | | | ഹരിശ്രീ<br>ഈസ്റ്റ് പള്ളൂർ<br>ചൊക്ലി, മാഹി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 48879 | വിനോദ് കൃഷ്ണൻ (സെക്രട്ടറി) |
| 1-22 | 259254 | വിനോദ് കൃഷ്ണൻ (സെക്രട്ടറി) |
| 1-23 | 340000 | നൗഫൽ (അസി. സെക്രട്ടറി) |
| 1-24 | 38940 | വിനോദ് കൃഷ്ണൻ (സെക്രട്ടറി) |
| 1-26 | 60000 | വിനോദ് കൃഷ്ണൻ (സെക്രട്ടറി) |
| 1-28 | 105000 | നൗഫൽ (അസി. സെക്രട്ടറി) |
| 1-30 | 140000 | നൗഫൽ (അസി. സെക്രട്ടറി) |
| 1-33 | 10000 | ഡോ.ദിപിൻരാജ് (മെഡി.ഓഫീസർ.പി.എച്ച്.സി) |
| 1-35 | 42000 | നിഖിൽ ആർ.പിള്ള (അഗ്രി.ഓഫീസർ) |
| 1-36 | 31400 | നിഖിൽ ആർ.പിള്ള (അഗ്രി.ഓഫീസർ) |
| 1-38 | 150000 | ഡോ.ദിപിൻരാജ് (മെഡി.ഓഫീസർ.പി.എച്ച്.സി) |
| 1-39 | 100000 | ബിജിത്ത് കുമാർ. (വി.ഇ.ഒ ) |
| 1-42 | 437388 | ബിജിത്ത് കുമാർ. (വി.ഇ.ഒ ) |
| ആകെ | 1762861 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-14 | 5940 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.വിനോദ് കൃഷ്ണൻ (സെക്രട്ടറി) | | വിനോദ് കൃഷ്ണൻ.കെ<br>(സെക്രട്ടറി)<br>ഹരിശ്രീ<br>ഈസ്റ്റ് പള്ളൂർ<br>ചൊക്ലി, മാഹി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.എസ്.2/ 1554/99, 06.01.2000 | 1 | 23 |
| 1997-98 | എൽ.എഫ്.എസ്.3/ 1324/01, 29.06.2002 | 2 | 24A, 38 |
| 1998-99 (ചെലവ്) | എൽ.എഫ്.എസ്.3/ 1194/02, 01.03.2003 | 12 | 25,26,28, 29,30,31,32, 33,34,35, 36,37 |
| 1999-00 (ചെലവ്) | എൽ.എഫ്.എസ്.3/ 789/03, 09.10.2003 | 2 | 24,25 |
| 1999-00 (വരവ്) | എൽ.എഫ്.എസ്.3/ 562/04, 30.06.2004 | 3 | 6,7,8 |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എസ്.3/ 1561/01, 30.06.2004 | 5 | 2-1,2-4,3-1, 3-6,3-7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.എസ്.1/ | 5 | 2-4,3-1,3-2, |

| | | | |
|---|---|---|---|
| (പദ്ധതി ചെലവ് ഒഴികെ) | 758/05, 01.12.2005 | | 3-3,3-4,3-5 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്.1/ 992/07, 31.10.2007 | 7 | 2-1,2-2,2-3, 2-4,3-1,3-2, 3-3 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.5/ 1026/09, 06.10.2009 | 7 | 2-1,2-2,3-3, 3-4,3-5,3-8, 3-2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.5/ 1026/09, 05.10.2009 | 6 | 2-1,2-2,3-1, 3-2, 3-3,3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/ 1028/09, 31.03.2010 | 7 | 2-1,2-3,3-1, 3-2,3-3,3-5, 3-6 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.5/ 537/10, 03.06.2010 | 21 | 2-1, 2-3 ,2-4, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 35, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-18 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്.4/ 1343/2010, 20.04.2011 | 17 | 2-1,2-2, 3-1 to 3-15 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്.4/ 1343/2010, 20.04.2011 | 13 | 2-2,2-4,2-5, 2-6, 3-1 to 3-6, 3-8, 3-10 to 3-15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്.4/ 785/13 9.1.13 | 9 | 2-1,2-2,2-3, 3-2 to 3-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി 11/ 786/13 8.7.13 | 24 | 1-1,1-5,2-2 to 2-7, 3-1 to 3-10, 3-12to3-16,4-7 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി 11/ 766/14 2.5.15 | 18 | 2-1,2-2, 3-1 to 3-10, 3-12 to 3-15, 3-17 4-11 |
| 2013-2014, 2014-15 | എൽ.എഫ്.കെ.കെ.ഡി പി 11/ 1331/2016 25.4.17 | 8 | 2-1, 3-5, 3-6, 3-7, 3-12, 3-16, 3-19, 3,21 |
| 2015-16 | എൽ.എഫ്.കെ.കെ.ഡി പി 11/ 2245/2016 4.1.17 | 11 | 2-2, 2-3, 3-6, 3-12, 3-13, 3-15,3-17, 3-23, 3-24,3-27 |
| 2016-17 | എൽ.എഫ്.കെ.കെ.ഡി പി 11/17 31.1.18 | 15 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി11/173/2019 തീ.11.03.2019 | 16 | 2-3, 2-6, 2-8, 2-10,<br>3-1 മുതൽ 3-7 വരെ, 3-114, 3-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം

നം:കെ.എസ്.എ.കെ.കെ.ഡി.പി4/1070/2020 തി:30.11.2020

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്